# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പട്ടാമ്പി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA PKD-P22/316/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 19/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പട്ടാമ്പി മുനിസിപ്പാലിറ്റി

സർ,

വിഷയം : പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2.സെക്രട്ടറി,നഗരകാര്യ വകുപ്പ്,തിരുവനന്തപുരം
3.കാര്യാലയപകർപ്പ്

നമ്പർ: No.KSA PKD-P22/316/2023 തീയ്യതി: 19/04/2023

## പാലക്കാട് ജില്ലയിലെ പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-02-2022 മുതൽ 01-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അരവിന്ദാക്ഷൻ.പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 02-02-2023 | 15-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-02-2023 | 15-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റോബർട്ട്.കെ.ജി, ഓഡിറ്റ് ഓഫീസർ
ശ്രീ.രാമകൃഷ്ണൻ.കെ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.താരിഖ്.എം.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഷീജ.വി.ആർ , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഗോകുൽ.സി.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഒ.ലക്ഷ്മിക്കുട്ടി | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീ.നാസിം ഇ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രാജലക്ഷമി.പി.കെ | കൃഷി ഓഫീസർ | 01-04-2021 | 17-05-2021 |
| ശ്രീമതി.ശ്രീലക്ഷമി.എം.എസ് | കൃഷി ഓഫീസർ | 18-05-2021 | 24-10-2021 |
| ശ്രീ.അമൽ വിജയ് | കൃഷി ഓഫീസർ | 25-10-2021 | 19-02-2022 |
| ശ്രീമതി.ശ്രീലക്ഷമി.എം.എസ് | കൃഷി ഓഫീസർ | 20-02-2022 | 31-03-2022 |
| ഡോ.രാജശ്രീ.എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 08-12-2021 |
| ഡോ.രാജൻ പെരോഴിപറമ്പിൽ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 09-12-2021 | 31-03-2022 |
| ശ്രീമതി.സാജിത.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 15-11-2021 |
| ശ്രീമതി.റീന പി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| ശ്രീ.വിജയകുമാർ.വി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 22-07-2021 |
| ശ്രീമതി.ബിന്ദു.എം.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 23-07-2021 | 31-03-2022 |
| ഡോ.പൊൻമുരുകൻ.എസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.അബ്ദുൾ സത്താർ.എം | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | 01-04-2021 | 19-01-2022 |
| ശ്രീ.മുഹമ്മദ് ഇക്ബാൽ കെ | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | 01-02-2022 | 31-03-2022 |
| ഡോ.മുഹമ്മദ് അബ്ദുൾ റഹ്മാൻ..യൂ.ടി | മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി | 01-04-2021 | 31-03-2022 |
| ശ്രീ.കിരൺ. കെ | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 20-01-2022 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ | 1-11 |
| 13 | ലൈസൻസ് അപേക്ഷകൾ അപൂർണ്ണം | 1-11-1 |
| 14 | ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല | 1-11-2 |
| 15 | തൊഴിൽ നികുതി പരിശോധന | 1-12 |
| 16 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | 1-12-1 |
| 17 | അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12-2 |
| 18 | തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്. | 1-12-3 |
| 19 | NULM പദ്ധതി - സ്വയം തൊഴിൽ യൂണിറ്റുകളുടെ തുടർ നിരീക്ഷണം നടത്തേണ്ടതാണ്. | 1-13 |
| 20 | അങ്കണവാടി കുട്ടികൾക്കുള്ള കളി ഉപകരണങ്ങൾ വാങ്ങൽ -കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാത്തതിനാൽ 27930/- രൂപ നഷ്ടം | 1-14 |
| 21 | അനുപൂരക പോഷകാഹാരം-ടി.ഡി.എസ് ഈടാക്കിയിട്ടില്ല | 1-16 |
| 22 | മുൻസിപ്പൽ സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് വാടക നൽകിയത്- വീട്ടുവാടക ബത്ത(HRA) കുറവ് ചെയ്യതിട്ടില്ല. | 1-17 |
| 23 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - പിഴ ഒടുക്കിയത് തിരികെ ഈടാക്കേണ്ടതാണ്. | 1-18 |
| 24 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല. | 1-19 |
| 25 | ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ആപ്പ് -തുടർ നിരീക്ഷണങ്ങൾ നടത്തേണ്ടതാണ് | 1-20 |

| | | |
|---|---|---|
| 26 | സുഭിക്ഷകേരളം - പദ്ധതി നഗരസഭയിൽ ആവിഷ്കരിച്ചിട്ടില്ല | 1-21 |
| 27 | ആശ്രയ പദ്ധതി ഫണ്ട് ചെലവഴിച്ചിട്ടില്ല | 1-22 |
| 28 | മുൻ വർഷങ്ങളിൽ ആശ്രയ പദ്ധതിക്ക് അനുവദിച്ച ഫണ്ടുകൾ ചെലവഴിക്കാതെ നീക്കിയിരിപ്പായി തുടരുന്നു | 1-23 |
| 29 | പി.എം.എ.വൈ. ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-24 |
| 30 | കോവിഡിന്റെ പശ്ചാത്തലത്തിൽ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ഫിഷറീസ് മേഖലയിൽ ഏറ്റെടുത്ത പദ്ധതികൾ നടപ്പിലാക്കിയില്ല | 1-25 |
| 31 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ- മാർഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-26 |
| 32 | എം.എൽ.എ എസ്.ഡി.എഫ് പദ്ധതികൾ- കൺവീനർ പ്രവൃത്തികൾ- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. | 1-27 |
| 33 | പുതിയ ഓഫീസ് കെട്ടിട നിർമ്മാണം- ഡി.പി.ആർ തയ്യാറാക്കൽ- നികുതികൾ കുറവ് ചെയ്തിട്ടില്ല. | 1-28 |
| 34 | ഓഫീസ് നവീകരണം - പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ചില്ല. | 1-29 |
| 35 | തനത്ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ നിർവ്വഹണം നീണ്ടുപോകുന്നു. | 1-30 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | മുൻസിപ്പൽ സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് വാടക നൽകിയത്- വീട്ടുവാടക ബത്ത(HRA) കുറവ് ചെയ്യുതിട്ടില്ല. | 3-1 |
| 2 | അങ്കണവാടി കുട്ടികൾക്കുള്ള കളി ഉപകരണങ്ങൾ വാങ്ങൽ -കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാത്തതിനാൽ 27930/- രൂപ നഷ്ടം | 3-2 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകൾ സംക്ഷിപ്തം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

25.02.2021 തിയതിയിലെ തീരുമാനം 1(1) പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും ചുവടെ ചേർക്കുന്നു

| ക്രമ നം | ഇനം | ബജറ്റ് പ്രകാരം വരവ് ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരം വരവ് ചെലവ് |
|---|---|---|---|
| 1 | മുന്നിരിപ്പ് | 143822499.00 | 26787012.00 |
| 2 | വരവ് | 1037933434.00 | 174779400.00 |
| 3 | ആകെ | 1181755933.00 | 201566412.00 |
| 4 | ചെലവ് | 1105367108.00 | 169051189.00 |
| 5 | നീക്കിയിരുപ്പ് | 76388825.00 | 32515223.00 |

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും, ബജറ്റ് പ്രകാരം ഉള്ള കണക്കുകളും തമ്മിൽ വലിയ അന്തരം കാണുന്നു. കൂടുതൽ യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. 17.03.2022 ലെ 1(1) നം. തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 31-07-2022 |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1) ICICI ബാങ്ക് അക്കൗണ്ട് നം.TSC-0446 (അക്കൗണ്ട് കോഡ് (450420100) ) Cheques Issued But Not Presented Into Bank എന്ന വിഭാഗത്തിലെ താഴെ പറയുന്ന ചെക്കുകൾ നാളിതു വരെയായിട്ടും മാറിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം. | ഇൻസ്ട്രുമെന്റ്നം. തീയതി | തുക |
|---|---|---|---|
| 1 | 21900817/18.11.2019 | 009948/14.10.2019 | 840.00 രൂപ |

2.പട്ടാമ്പി സർവീസ് സഹകരണ ബാങ്കിൽ 31.03.2022 ന് നിക്ഷേപിച്ചിട്ടുള്ള 1000000.00 രൂപ ബാലൻസ് ഷീറ്റിൽ B-12 Investments-General Fund എന്ന ശീർഷകത്തിൽ 420800101 Investments - Fixed Depositsഎന്ന ഹെഡിൽ ഉൾപ്പെടുത്തുന്നതിന് പകരം B-17 Cash And Bank Balances എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

3.വാർഷിക കണക്കിൽ AUEGS, NULM, PMAY എന്നിവയ്ക്കായി പ്രത്യേക ഹെഡുകൾ ഇല്ല. ആയതിനാൽ ടി പദ്ധതികളുടെ കൃത്യമായ വരവ് ചെലവ് വിവരങ്ങൾ വാർഷിക കണക്കിൽ നിന്നും ലഭ്യമല്ല. ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/13.02.2023) അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 26787012.00 |
| വരവ് | 174779400.00 |
| ആകെ | 201566412.00 |
| ചെലവ് | 169051189.00 |
| നീക്കിയിരിപ്പ് | 32515223.00 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 12346333 | 12346333 | 12344065 | 2268 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 13403500 | 13403500 | 10851696 | 2551804 |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | 0 | 14819394 | 14819394 | 10827733 | 3991661 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് | 0 | 4334256 | 4334256 | 3502345 | 831911 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied Bank ) | 0 | 10030000 | 10030000 | 7494196 | 2535804 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied Treasury) | 0 | 3170000 | 3170000 | 2932875 | 237,125. |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied Treasury ) | 0 | 36067 | 36067 | 15050 | 21017 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied Bank) | 0 | 6687000 | 6687000 | 6361924 | 325076 |
| TSC | 4372431 | 0 | 4372431 | 0 | 4372431 |
| ICDS | 2176773 | 829212 | 3005985 | 1038361 | 1967624 |
| PMAY | 2005694 | 18331382 | 20337076 | 18331382 | 2005694 |
| NULM | 163135 | 186186 | 349321 | 347489 | 1832 |
| AUEGS | 1308115 | 18176269 | 19484384 | 18756043 | 728341 |

*** CFC Grant (Tied & Un Tied ) ന്റെ ബാങ്ക് പലിശ വരവ് പ്രസ്തുത ഹെഡിൽ ഉൾപ്പെടുത്താതെ Interest From Bank Account എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക 642400 രൂപ , ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് 2286667 രൂപ എന്നിവയ്ക്കുള്ള ചെലവ് വികസന ഫണ്ടിന്റെ സ്രോതസ്സിൽനിന്നും കുറവ് ചെയ്ത ആകെ തുകയായ 2929067 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് വികസന ഫണ്ടിന്റെ സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുകയായ 620000 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

തൻവർഷത്തിൽ ഉറവിടത്തിൽ നിന്നും കുറവുചെയ്ത തുകകളുടെ വിവരങ്ങൾ

| ക്രമ നം. | പ്രൊജക്ട് | ചെലവ് തുക | ഫണ്ടിനം |
|---|---|---|---|
| 1 | 285/22: അംഗൻവാടി | 321200 | വികസന ഫണ്ട് |

| | | | |
|---|---|---|---|
| | ജീവനക്കാരുടെ പ്രതിഫലം | | (ജനറൽ) |
| 2 | 286/22 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 321200 | വികസന ഫണ്ട് (ജനറൽ) |
| 4 | 287/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - ജനറൽ | 2286667 | വികസന ഫണ്ട് (ജനറൽ) |
| 5 | ആകെ | 2929067 | |
| 6 | 288/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - എസ്.സി.പി | 620000 | വികസന ഫണ്ട് (എസ്.സി.പി) |
| 7 | ആകെ | 620000 | |

RMSA പ്രവൃത്തികൾക്കായി മുൻവർഷങ്ങളിൽ ലഭിച്ച 1649500 രൂപ നാളിതുവരെയായി വിനിയോഗിച്ചിട്ടില്ല (B-4 Grants & Contribution For Specific Purposes-Code No.320200209) ആയത് വിനിയോഗിക്കാത്തപക്ഷം തുക പ്രസ്തുത ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 248 | 102537129 | 144 | 62422281 | 0 | 104 | 58 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 0 | 768000 | 0 | 0 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 4 | 4 | 1150000 | 1150000 | 100 |
| കൃഷി ഓഫീസർ | 2 | 2 | 2845688 | 2724438 | 96 |
| സെക്രട്ടറി | 23 | 17 | 17256959 | 15292306 | 89 |
| വെറ്ററിനറി സർജ്ജൻ | 7 | 5 | 4766120 | 1064464 | 22 |
| ഹെൽത്ത് ഓഫീസർ | 19 | 17 | 18080586 | 15286809 | 85 |
| മെഡിക്കൽ ഓഫീസർ-താലൂക്ക് ഹോസ്പിറ്റൽ | 5 | 5 | 4199720 | 2887370 | 69 |

| | | | | | |
|---|---|---|---|---|---|
| പ്രിൻസിപ്പാൾ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ | 4 | 2 | 3335000 | 2088905 | 63 |
| മുൻസിപ്പൽ എഞ്ചിനിയർ | 175 | 86 | 44785056 | 17875659 | 40 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6 | 5350000 | 4052330 | 76 |
| ആകെ | 248 | 144 | 102537129 | 62422281 | 61 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 1308115 |
| വരവ് | 17117533 |
| തനതു ഫണ്ടിൽ നിന്നും നൽകിയത് | 1058736 |
| ആകെ വരവ് | 19484384 |
| അഡ്മിൻ | 720890 |
| തൊഴിലാളികളുടെ വേതനം | 15228612 |
| മെറ്റീരിയൽ | 2806541 |
| ആകെ ചെലവ് | 18756043 |
| നീക്കിയിരുപ്പ് | 728341* |

* AUEGS ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരുപ്പ് 691184 രൂപയാണ് , കില ട്രെയിനിംഗിനായി ലഭിച്ച 37157 രൂപ പ്രസ്തുത അക്കൗണ്ടിൽ വരവ് വെച്ചതുമൂലമാണ് വ്യത്യാസം ഉണ്ടായിട്ടുള്ളത്

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭയിൽ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 969600.00 | 64 |
| വിധവാപെൻഷൻ | 17425800.00 | 1131 |
| വാർദ്ധക്യകാലപെൻഷൻ | 29837100.00 | 2054 |
| വികലാംഗപെൻഷൻ | 5142000.00 | 329 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 916800.00 | 62 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-02-2023 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,88,896/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

* ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നഗരസഭയുടെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്താനായിട്ടില്ല, കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

* സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ്, മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷുറൻസ് പരിരക്ഷ ഇല്ല.
* സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.
* നഗരസഭക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടില്ല.

* എല്ലാ പേമെന്റുകളും ശരിയായ ഹെഡിലല്ല ചെലവ് രേഖപ്പെടുത്തുന്നത്. വാർഷികകണക്കിൽ എല്ലാ വരവ് ചെലവുകളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

*ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. സമയപരിധി കഴിഞ്ഞ ചെക്കുകൾ വ്യത്യാസമായി രേഖപ്പെടുത്തുന്നുണ്ട്. സർക്കാരിൽ നിന്നും ലഭ്യമാകുന്ന ഗ്രാന്റുകൾ നഷ്ടപ്പെടുത്താതെ അതാത് വർഷം തന്നെ വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
*ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതുമാണ്.
*പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ച് വാങ്ങലുകൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
*നിയമങ്ങളിലും ചട്ടങ്ങളിലും നിഷ്കർഷിക്കുന്ന രീതിയിൽ തൊഴിൽനികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
*മരാമത്ത് വിഭാഗത്തിൽ 6 ഓവർസീയർമാരുടെ തസ്തിക ഉണ്ടെങ്കിലും ഒരു ഓവർസീയർ മാത്രമാണ് നിലവിൽ സേവനത്തിൽ ഉള്ളത്. മതിയായ ജീവനക്കാരുടെ അഭാവം എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിന് വിഘാതമാകുന്നുണ്ട്. ഇക്കാര്യത്തിലേക്ക് ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ഭരണസമിതിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

നഗരസഭ രൂപീകരിച്ചതിന് ശേഷം പെർഫോമൻസ് ഓഡിറ്റ് നടത്തിയിട്ടില്ല. 01.04.2020 മുതൽ 31.12.2022 വരെയുള്ള കാലയളവിലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് 09.01.2023 മുതൽ 28.01.2023 വരെ നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

## 1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു. ഓഡിറ്റ് അന്വേഷണം നം. 24/14.02.2023 നുള്ള മറുപടിയിൽ അപാകതകൾ വരും വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്നും ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും വാർഡ് തലത്തിൽ സ്ഥാപനങ്ങളുടെ ഡാറ്റാബേസ് തയ്യാറാക്കുകയും ആയത് കാലികമാക്കി സൂക്ഷിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

### 1-11-1 ലൈസൻസ് അപേക്ഷകൾ അപൂർണ്ണം

2021-22 വർഷത്തിൽ 159 സ്ഥാപനങ്ങൾക്ക് പുതിയതായി ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ അപേക്ഷകളിൽ രേഖപ്പെടുത്തുന്ന മൂലധന നിക്ഷേപത്തിന്റെ ആധികാരികത പരിശോധിക്കപ്പെടുന്നില്ല. ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സ്ലാബുകൾക്ക് അനുസൃതമായി ചുമത്തുന്ന ഫീസ് നിരക്ക് നിശ്ചയിച്ചതായി കാണുന്നില്ല. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-11-2 ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല

2021-22 വർഷത്തിൽ 1233 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. വസ്തു നികുതി അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ട്രേഡേഴ്സ് ലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ഡിമാന്റ് പൂർണ്ണമാണോ എന്നതിന്റെയും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നതിന്റെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കാലികമാക്കേണ്ടതും എല്ലാ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

### 1-12 തൊഴിൽ നികുതി പരിശോധന

തൊഴിൽ നികുതി പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു. ഓഡിറ്റ് അന്വേഷണം നം. 30/16.02.2023 നുള്ള മറുപടിയിൽ അപാകതകൾ വരും വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്നും കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

### 1-12-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നുവെങ്കിൽ തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയിട്ടില്ല

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | എ.ഇ, പി.ഡബ്ല്യു.ഡി | രണ്ടാം അർദ്ധ വർഷം |
| 2 | സബ് ആർ ടി ഓ | രണ്ടാം അർദ്ധ വർഷം |
| 3 | ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി | രണ്ടാം അർദ്ധ വർഷം |
| 4 | ഐ ഡി ബി ഐ ബാങ്ക് | രണ്ടാം അർദ്ധ |

| | | |
|---|---|---|
| | | വർഷം |
| 5 | ആക്സിസ് ബാങ്ക് | രണ്ടാം അർദ്ധ വർഷം |
| 6 | വീ കെയർ പട്ടാമ്പി | രണ്ടാം അർദ്ധ വർഷം |
| 7 | ലെമന്റ് കോളേജ് | രണ്ടാം അർദ്ധ വർഷം |
| 8 | ഇൻഡസ് ഇൻഡ് ബാങ്ക് | രണ്ടാം അർദ്ധ വർഷം |
| 9 | യൂണിയൻ ബാങ്ക് പട്ടാമ്പി | ഒന്ന് & രണ്ട് അർദ്ധ വർഷങ്ങൾ |
| 10 | മഹീന്ദ്ര ഫിനാൻസ് | രണ്ടാം അർദ്ധ വർഷം |
| 11 | കാത്തലിക് സിറിയൻ ബാങ്ക് | രണ്ടാം അർദ്ധ വർഷം |
| 12 | ചിക്കിങ്ങ് മൻസൂർ ഫുഡ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | രണ്ടാം അർദ്ധ വർഷം |
| 13 | പന്നിവേലിൽ മോട്ടോഴ്സ് | രണ്ടാം അർദ്ധ വർഷം |
| 14 | മുസ്കാൻ ഫാമിലി ഡെന്റൽ കെയർ | രണ്ടാം അർദ്ധ വർഷം |
| 15 | ടിവി സുന്ദരം അയ്യങ്കാർ ആൻഡ് സൺസ് പ്രൈവറ്റ് ലിമിറ്റഡ് | രണ്ടാം അർദ്ധ വർഷം |
| 16 | എ എം എന്റർപ്രൈസസ് പട്ടാമ്പി | ഒന്നാം അർദ്ധ വർഷം |
| 17 | മഹീന്ദ്ര ആൻഡ് മഹീന്ദ്ര ഫിനാൻഷ്യൽ സർവീസ് പട്ടാമ്പി | ഒന്നാം അർദ്ധ വർഷം |
| 18 | ഗവൺമെന്റ് എംപ്ലോയീസ് കോപ്പറേറ്റീവ് ബാങ്ക് | ഒന്നാം അർദ്ധ വർഷം |
| 19 | ബോംബെ ഗോൾഡൻ ഡയമണ്ട് | ഒന്നാം അർദ്ധ വർഷം |
| 20 | എൻ വി എസ് എനർജി | ഒന്നാം അർദ്ധ വർഷം |
| 22 | ബി കെ എം എൽ പി സ്കൂൾ | ഒന്നാം അർദ്ധ വർഷം |

| | | |
|---|---|---|
| 23 | എക്സൈസ് ഓഫീസ് പട്ടാമ്പി താലൂക്ക് ഓഫീസ് പട്ടാമ്പി | ഒന്നാം അർദ്ധ വർഷം |
| 24 | ധനലക്ഷ്മി ഹയർ പർച്ചേസിങ് ആൻഡ് ലിസിങ് ലിമിറ്റഡ് | ഒന്നാം അർദ്ധ വർഷം |
| 25 | മാക്സ് വാല്യൂ ക്രെഡിറ്റ് ആൻഡ് ഇൻവെസ്റ്റ്മെന്റ് | ഒന്നാം അർദ്ധ വർഷം |
| 26 | മോട്ടോർ വേൾഡ് പട്ടാമ്പി | ഒന്നാം അർദ്ധ വർഷം |
| 27 | അലക്സ് മൂവീസ് ആൻഡ് സിനിമ | ഒന്നാം അർദ്ധ വർഷം |
| 28 | മാക്സ് വെഡിങ് സെന്റർ | ഒന്നാം അർദ്ധ വർഷം |

1-12-2 അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (2) പ്രകാരം നഗരസഭാ പ്രദേശത്ത് അഭിഭാഷക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകരിൽ നിന്നും ഓരോ അർദ്ധ വർഷവും 1250.00 രൂപ നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ നഗരസഭയിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ പ്രകാരം അഭിഭാഷകരിൽ നിന്നും 2021-22 ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1-12-3 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 257 പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ 2021-22 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ വരവുകളുടെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി ഡി.സി.ബി സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററിൽ ജീവനക്കാരുടെ പേരുവിവരം, അർദ്ധ വാർഷിക വരുമാനം മുതലായവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

1-13 NULM പദ്ധതി - സ്വയം തൊഴിൽ യൂണിറ്റുകളുടെ തുടർ നിരീക്ഷണം നടത്തേണ്ടതാണ്.

NULM വഴി പട്ടാമ്പി നഗരസഭയിൽ നഗരദാരിദ്ര്യ നിർമാർജനത്തിനായി വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പദ്ധതികളുടെ ചെലവ് രേഖകളിൽ നിന്നുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു. കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്, തെരുവോര കച്ചവടക്കാർക്ക് ലോൺ, സ്വയം തൊഴിൽ സംരംഭകർക്ക് വായ്പ ലഭിക്കുന്നതിനുള്ള നടപടികളെടുക്കുക, കുടുംബശ്രീ യൂണിറ്റുകളെ റിസോഴ്സ് ഓർഗനൈസേഷൻ ആക്കി മാറ്റുന്നതിന് ധനസഹായം അനുവദിക്കുക, ലിങ്കേജ് ലോൺ അനുവദിക്കുക എന്നീ പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) കുടുംബശ്രീയുടെ കീഴിൽ ആകെ 260 അയൽക്കൂട്ടങ്ങൾ നിലവിലുണ്ട്. കുടുംബശ്രീ യൂണിറ്റുകളെ റിസോഴ്സ് ഓർഗനൈസേഷൻ ആക്കി മാറ്റുന്നതിനുള്ള നടപടിയുടെ ഭാഗമായി 11 യൂണിറ്റുകൾ 2021-22 ൽ രൂപീകരിച്ചിട്ടുണ്ട്. യൂണിറ്റുകൾക്ക് വേണ്ടത്ര സമ്പാദ്യം ഇല്ലാത്തതിനാൽ ലോൺ അനുവദിച്ചിട്ടില്ല.

2) തെരുവോര കച്ചവടക്കാരുടെ ഉന്നമനത്തിനായി പി.എം. സ്വാനിധി വായ്പ പദ്ധതി 2019 ൽ

ആരംഭിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതനായി 16-03-2022 ന് പുതിയ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 9 പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്.

3) സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നഗരസഭയിൽ ലഭ്യമായ 18 അപേക്ഷകൾ ലഭിച്ചിട്ടുണ്ട് പരിശോധനയ്ക്ക് ശേഷം 14 അപേക്ഷകൾ ബാങ്കിലേക്ക് കൈമാറിയിട്ടുണ്ട്.

4) ഓഡിറ്റ് വർഷത്തിൽ ലിങ്കേജ് ലോൺ അനുവദിച്ച കുടുംബശ്രീ യൂണിറ്റുകൾ- 58 ഉണ്ട്. ഇതിൽ 18 യൂണിറ്റുകൾ മാത്രമാണ് സ്വയം തൊഴിൽ സംരംഭം തുടങ്ങിയത്.

5) കുടുംബശ്രീ യൂണിറ്റുകളുടെ മോണിറ്ററിംഗ് അയൽക്കൂട്ട തലത്തിലും, എ ഡി എസ്, സിഡി എസ് തലത്തിലും യോഗം ചേർന്ന് നടത്തി വരുന്നുണ്ട്.

സ്വയം തൊഴിൽ സംരംഭം ആരംഭിച്ച യൂണിറ്റുകളുടെ മോണിറ്ററിംഗ് യഥാസമയം നടത്തേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (9/8-02-2023) ലഭ്യമാക്കിയ മറുപടിയിൽ കുടുംബശ്രീ യൂണിറ്റുകളുടെ മോണിറ്ററിംഗ് നടത്തുന്നതാണെന്നും കുടുംബശ്രീയുടെ കൃത്യമായ വരവ് ചെലവ് കണക്കുകൾ യോഗത്തിൽ ചർച്ച ചെയ്യുമെന്നും അറിയിച്ചിട്ടുണ്ട്.

1-14 അങ്കണവാടി കുട്ടികൾക്കുള്ള കളി ഉപകരണങ്ങൾ വാങ്ങൽ -കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാത്തതിനാൽ 27930/- രൂപ നഷ്ടം

അങ്കണവാടി കുട്ടികൾക്കുള്ള കളി ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 21 അങ്കണവാടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| | |
|---|---|
| പ്രൊജക്റ്റ് നം | 148 / 2021-22 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 150000/- |
| ബിൽ നം | 10/2021-22 തീയതി .30.03.2022 |
| തുക | 97356/- |

16.02.2022 തീയതിയിലെ എ-3/5449/21 നമ്പർ ടെണ്ടർ പ്രകാരം അങ്കണവാടികൾക്ക് ആവശ്യമായ കളി ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ താഴെ ചേർക്കുന്നു.

| ഇനം | എണ്ണം |
|---|---|
| പ്ലാസ്റ്റിക് ചിൽഡ്രൻ ചെയർ | 84 എണ്ണം |
| പ്ലാസ്റ്റിക് ഹോഴ്സ് റോക്കർ | 21 എണ്ണം |
| ബാസ്കറ്റ് ബാൾ അഡ്ജസ്റ്റബിൾ ബാൾ സെറ്റ് | 21 എണ്ണം |
| ബിൽഡിംഗ് ബ്ലോക്ക് ഫോർ കിഡ്സ് | 21 പാക്കറ്റ് |

ലഭിച്ച ടെണ്ടറുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനം | ഇനം | രേഖപ്പെടുത്തിയ നിരക്ക് |
|---|---|---|---|
| 1 | സഫാരി ട്രേഡിംഗ് കമ്പനി,മലപ്പുറം | പ്ലാസ്റ്റിക് ചിൽഡ്രൻ ചെയർ<br>പ്ലാസ്റ്റിക് ഹോഴ്സ് റോക്കർ<br>ബാസ്കറ്റ് ബാൾ അഡ്ജസ്റ്റബിൾ ബാൾ സെറ്റ്<br>ബിൽഡിംഗ് ബ്ലോക്ക് ഫോർ കിഡ്സ് | 319<br>1595<br>1700<br>215 |
| 2 | കെ.എൻ.ഇന്ത്യ ട്രേഡിംഗ് കമ്പനി,മലപ്പുറം | പ്ലാസ്റ്റിക് ചിൽഡ്രൻ ചെയർ<br>പ്ലാസ്റ്റിക് ഹോഴ്സ് റോക്കർ<br>ബാസ്കറ്റ് ബാൾ അഡ്ജസ്റ്റബിൾ ബാൾ സെറ്റ്<br>ബിൽഡിംഗ് ബ്ലോക്ക് ഫോർ കിഡ്സ് | 445<br>1925<br>2150<br>440 |
| 3 | കെ.പി.എം Enterprises, ചെർപ്പുളശ്ശേരി | പ്ലാസ്റ്റിക് ചിൽഡ്രൻ ചെയർ<br>പ്ലാസ്റ്റിക് ഹോഴ്സ് റോക്കർ<br>ബാസ്കറ്റ് ബാൾ അഡ്ജസ്റ്റബിൾ ബാൾ സെറ്റ് | 239<br>1890<br>540<br>540 |

| | | | |
|---|---|---|---|
| | | ബിൽഡിംഗ് ബ്ലോക്ക് ഫോർ കിഡ്സ് | |
| 4 | ജെ.എസ്.ഗിഫ്റ്റ്സ്&ടോയ്സ് പാലക്കാട് | പ്ലാസ്റ്റിക് ചിൽഡ്രൻ ചെയർ<br>പ്ലാസ്റ്റിക് ഹോഴ്സ് റോക്കർ<br>ബാസ്കറ്റ് ബാൾ അഡ്ജസ്റ്റബിൾ ബാൾ സെറ്റ്<br>ബിൽഡിംഗ് ബ്ലോക്ക് ഫോർ കിഡ്സ് | 245<br>1740<br>1480<br>460 |

ടെണ്ടർ സമർപ്പിച്ച എല്ലാ സ്ഥാപനങ്ങളും ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമാണ് നിരക്ക് കാണിച്ചിരിക്കുന്നത്,ടെണ്ടറിൽ സാമ്പിൾ ഹാജരാക്കുന്നതിനോ, ISI ഗുണമേന്മയോ നിർദ്ദേശിച്ചിരുന്നില്ല, ജെ.എസ്.ഗിഫ്റ്റ്സ് &ടോയ്സ് പാലക്കാട്, കെ.പി.എം Enterprises, ചെർപ്പുളശ്ശേരി എന്നീ സ്ഥാപനങ്ങളിൽ നിന്നും കളി ഉപകരണങ്ങൾ വാങ്ങുന്നതിനാണ് 10.03.2022 -ലെ പ്രൊക്യൂർമെന്റ് കമ്മറ്റി ശുപാർശ ചെയ്തത്.(ഭരണ സമിതി മിനുട്സ് പേജ് 21, തീരുമാനം നം 5തീ.10.03.2022) മറ്റ് സ്ഥാപനങ്ങളുടെ ടെണ്ടർ നിരസിച്ചതായി ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടില്ല.

ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ ഒഴിവാക്കിയതുമൂലം കളി ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ 27,930/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ഇനം | കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനം | കുറഞ്ഞ നിരക്ക് | അംഗീകരിച്ച നിരക്ക് | ആകെ നഷ്ടം |
|---|---|---|---|---|
| പ്ലാസ്റ്റിക് ഹോഴ്സ് റോക്കർ | സഫാരി ട്രേഡിംഗ് കമ്പനി,മലപ്പുറം | 1595 | 1740 | 145x21എണ്ണം=3045 |
| ബാസ്കറ്റ് ബാൾ അഡ്ജസ്റ്റബിൾ ബാൾ സെറ്റ് | കെ.പി.എം Enterprises, ചെർപ്പുളശ്ശേരി | 540 | 1480 | 940x21എണ്ണം=19740 |
| ബിൽഡിംഗ് ബ്ലോക്ക് ഫോർ കിഡ്സ് | സഫാരി ട്രേഡിംഗ് കമ്പനി,മലപ്പുറം | 215 | 460 | 245x21എണ്ണം=5145 |
| | | ആകെ | | 27930 (3045+19740+5145) |

കെ.പി.എം Enterprises,ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും പ്ലാസ്റ്റിക് ചിൽഡ്രൻ ചെയർ വാങ്ങിച്ചത് മാത്രം ക്രമപ്രകാരമാണ്. മറ്റ് കളി ഉപകരണങ്ങളെല്ലാം കുറഞ്ഞ ടെണ്ടർ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനങ്ങളെയെല്ലാം ഒഴിവാക്കി ജെ.എസ്.ഗിഫ്റ്റ്സ് &ടോയ്സ് പാലക്കാട് എന്ന

സ്ഥാപനത്തിൽ നിന്നുമാണ് പർച്ചേയ്സ് നടത്തിയിരിക്കുന്നത്. ആയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകോണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 04/06.02.2023) ഭാവിയിൽ ശ്രദ്ധിക്കാം എന്ന മറുപടിയാണ് ഐ.സി.ഡി.എസ് സൂപ്പർ വൈസർ ലഭ്യമാക്കിയത്. അതിനാൽ 27930/- രൂപ ഉത്തരവാദിയായ ഐ.സി.ഡി.എസ് സൂപ്പർ വൈസറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-15 – ഖണ്ഡിക ഒഴിവാക്കി

1-16 അനുപൂരക പോഷകാഹാരം-ടി.ഡി.എസ് ഈടാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം. | 09/2021-22 & 07/2021-22 |
| പ്രൊജക്ട് | അനുപൂരക പോഷകാഹാരം SC&General |
| അടങ്കൽ | എസ്.സി<br>1000000/- (വികസന ഫണ്ട്-എസ്.സി -700000/- + കേന്ദ്രാവിഷ്കൃത ഫണ്ട്-300000/-)<br>ജനറൽ<br>2500000/- ( വികസന ഫണ്ട്-ജനറൽ -1700000/-+കേന്ദ്രാവിഷ്കൃത ഫണ്ട്-800000/-) |
| ചെലവ് | എസ്.സി<br>981990/- (വികസന ഫണ്ട്-എസ്.സി -681990/- + കേന്ദ്രാവിഷ്കൃത ഫണ്ട്-300000/-)<br>ജനറൽ<br>1543697/- ( വികസന ഫണ്ട്-ജനറൽ -759115/-+കേന്ദ്രാവിഷ്കൃത ഫണ്ട്-784582/-) |
| ബിൽ നമ്പർ /തീയതി | 01/27.07.2021 – 606546/-<br>02/13.08.2021 – 169480/-<br>03/25.09.2021 – 152569/-<br>04/27.10.2021 – 352813/<br>05/28.10.2021 -466348/-<br>06/30.10.2021 – 155128/-<br>07/04.01.2022 – 618234/-<br>08/23.03.2022 – 4569/- |

2021-2022 സാമ്പത്തിക വർഷത്തിൽ അങ്കണവാടി പോഷകാഹാര പദ്ധതിയ്ക്കായി ഐശ്വര്യശ്രീ അമൃതം

ഫുഡ്സ് കുടുംബശ്രീ യൂണിറ്റ്, നെല്ലിക്കാട്ടിരി, കൂറ്റനാട് എന്ന സ്ഥാപനത്തിൽ നിന്നും 932400/- രൂപയുടെ അമൃതം ന്യൂട്രിമിക്സ് / ആരോഗ്യമിക്സ് എന്നിവ വാങ്ങിയിട്ടുണ്ട്. അതിനാൽ ടി.ഡി.എസ് ഇനത്തിൽ 18648/- രൂപ അടവാക്കേണ്ടതുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക (ജി.എസ്.ടി ഒഴികെ) |
|---|---|---|
| 1 | 1021/22.04.2021 | 68250 |
| 2 | 1034/15.05.2021 | 70980 |
| 3 | 1045/20.06.2021 | 76650 |
| 4 | 174/15.10.2021 | 78540 |
| 5 | 200/20.11.2021 | 78750 |
| 6 | 118/13.12.2021 | 76230 |
| 7 | 159/08.01.2022 | 78540 |
| 8 | 189/14.03.2022 | 82740 |
| 9 | 168/09.02.2022 | 84420 |
| 10 | 1065/20.07.2021 | 79170 |
| 11 | 1087/20.08.2021 | 79170 |
| 12 | 163/25.09.2021 | 78960 |
| | ആകെ | 932400 |

സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി, ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീയതി 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവർത്തികൾക്ക് , സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, 08.09.2020 ലെ സർക്കുലർ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2.5ലക്ഷത്തിനു മുകളിൽ വാങ്ങൽ വരുന്ന മേൽപദ്ധതികളിൽ ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നും 2% ടി.ഡി.എസ് ഈടാക്കാതെയാണ് സപ്ലൈയർക്ക് തുക അനുവദിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നമ്പർ 06/07.02.2023) നിലവിൽ ടി.ഡി.എസ് പിടിച്ചു വരുന്നുണ്ട് എന്ന മറുപടിയാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയത്.

1-17 മുൻസിപ്പൽ സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് വാടക നൽകിയത്- വീട്ടുവാടക ബത്ത(HRA) കുറവ്

ചെയ്തതിട്ടില്ല.

ശ്രീ.അബൂബക്കർ കൊപ്പത്ത് പാറമേൽ, ശ്രീ ശാന്തകുമാർ കാഞ്ഞുള്ളിയിൽ എന്നീ കെട്ടിട ഉടമകൾക്ക്, ശ്രീ. നാസിം.ഇ, മുൻസിപ്പൽ സെക്രട്ടറിക്ക് അനുവദിച്ച ക്വാർട്ടേഴ്സിന്റെ ( 13.04.2021 ലെ 28 ാം നമ്പർ തീരുമാനം) വാടകയായി തുക നൽകിയിട്ടുണ്ട്.

സ.ഉ(പി) നം.27/2021/ഫിൻ. തീയതി 10.02.2021 പ്രകാരമുള്ള 11-ാം ശമ്പളപരിഷ്കരണ ഉത്തരവിലെ ഖണ്ഡിക 16 പ്രകാരം ക്വാർട്ടേഴ്സുകൾ അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് വീട്ടു വാടക ബത്തയ്ക്ക് അർഹതയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഖണ്ഡിക 15 പ്രകാരം 50200-105300 എന്ന ശമ്പള സ്കെയിലിലോ അതിനു മുകളിലോ ഉള്ളവർ ക്വാർട്ടേഴ്സിൽ താമസിക്കുന്നുണ്ടെങ്കിൽ അടിസ്ഥാന ശമ്പളത്തിന്റെ 2 % തുക റെന്റ് റിക്കവറിയായി ഈടാക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. സെക്രട്ടറി സ്പാർക്ക് മുഖാന്തിരം ശമ്പളം കൈപ്പറ്റുന്ന ജീവനക്കാരനായതിനാൽ മറ്റു റഗുലർ ജീവനക്കാരുടെ എസ്റ്റാബ്ലിഷ് മെന്റ് ബില്ലിൽ ഉൾപ്പെടുന്നില്ല.

സെക്രട്ടറി പട്ടാമ്പി സബ് ട്രഷറി മുഖാന്തിരം കൈപ്പറ്റിയ ശമ്പളത്തിൽ വീട്ടുവാടക ബത്ത ഉൾപ്പെടെയാണ് വാങ്ങിയിട്ടുള്ളത്. വീട്ടു വാടക ബത്ത 37644 രൂപ കുറവ് ചെയ്യാതെ ശമ്പളം നൽകിയതിനും, ശമ്പളത്തിൽനിന്നും 2%(622900x2%=12458 രൂപ) തുക റെന്റ് റിക്കവറിയായി ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/09.02.2023) അധികം നൽകിയ 50102 രൂപ സർക്കാറിലേക്ക് തിരിച്ചടച്ച് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-18 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - പിഴ ഒടുക്കിയത് തിരികെ ഈടാക്കേണ്ടതാണ്.

കെ.എസ്.ഇ.ബി, പട്ടാമ്പി ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള തെരുവു വിളക്കുകളുടെയും , നഗരസഭ നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതികളുടെയും വൈദ്യുതി ചാർജ്ജ് അടവാക്കിയതിൽ പിഴ തുക കൂടി അടവാക്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കൺസ്യൂമർ നം.1165 368000058- തെരുവു വിളക്ക് (Un Meterd) | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നം | വൗച്ചർ നം | തുക | ഇൻവോയ്സ് നം | ബിൽ പീരീയേഡ് | വൈദ്യുതി ചാർജ്ജ് | പിഴ | ആകെ |
| 1 | 22100037/20.04.21 | 230050 | 6536210400024/01.04.21 | 03/21 | 193393 | 1272 | 194665 |
| 2 | 22100166/10.05.21 | 215653 | 6536210502076/03.05.21 | 05/21 | 193393 | 509 | 193902 |
| 3 | 22100366/15.07.21 | 227840 | 6536210201311/01.07.21 | 07/21 | 193393 | 448 | 193841 |
| 4 | 22100476/13.08.21 | 244407 | 6536210801584/02.08.21 | 08/22 | 193393 | 255 | 193648 |
| 5 | 22100603/24.09.21 | 239144 | 6536210902325/02.09.21 | 09/21 | 193393 | 64 | 193457 |
| 6 | 22100666/13.10.21 | 241008 | 6536211001435/01.10.21 | 10/21 | 193393 | 954 | 194347 |
| 7 | 22100785/19.11.21 | 237139 | 6536211101378/01.11.21 | 11/21 | 193393 | 128 | 193521 |
| 8 | 22101036/27.12.21 | 242477 | 6536211201428/01.12.21 | 12/21 | 193393 | 573 | 193966 |
| 9 | 22101166/13.01.22 | 238092 | 6536220101392/01.01.22 | 01/22 | 193393 | 1018 | 194411 |
| 10 | 22101323/03.03.22 | 245996 | 6536220201445/01.02.22 | 02/22 | 193393 | 255 | 193648 |
| 11 | 22101490/26.03.22 | 247787 | 6536220302891/03.03.22 | 03/22 | 193393 | 827 | 194220 |
| 12 | കൺസ്യൂമർ നം.1165 365001378 - തെരുവു വിളക്ക് (Un Meterd) | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 13 | 22100603/24.09.21 | 239144 | 653621090024/01.09.21 | 09/21 | 97769 | 230 | 97999 |
| 14 | കൺസ്യൂമർ നം .1165 366031041- തെരുവു വിളക്ക് ഫിഷ് മാർക്കറ്റ് | | | | | | |
| 15 | 22100666/13.10.21 | 241008 | 6536211000555/01.10.21 | 10/21 | 21275 | 108 | 21383 |
| 16 | 22101166/13.01.22 | 238092 | 6536220100076/01.01.22 | 01/22 | 19229 | 115 | 19344 |
| 17 | കൺസ്യൂമർ നം .1165 367029065 - നിളയോരം -പരുവക്കടവ് കുടിവെള്ള പദ്ധതി | | | | | | |
| 18 | 22100668/13.10.21 | 401223 | 6536211000798/01.10.21 | 10/21 | 99571 | 567 | 100138 |
| 19 | 22101038/27.12.21 | 396237 | 6536211210247/10.12.21 | 12/21 | 159061 | 106 | 159167 |
| 20 | 22101168/15.01.22 | 405251 | 6536220100426/01.01.22 | 01/22 | 138869 | 367 | 139236 |
| 21 | 22101335/03.03.22 | 638714 | 6536220200413/01.02.22 | 02/22 | 166858 | 183 | 167041 |
| 22 | 22101471/26.03.22 | 574484 | 6536220300462/01.03.22 | 03/22 | 188703 | 933 | 189636 |
| 23 | കൺസ്യൂമർ നം .1165 365001378 - ബസ് സ്റ്റാന്റ് പമ്പ് ഹൗസ് കുടിവെള്ള പദ്ധതി | | | | | | |
| 24 | 22100668/13.10.21 | 401223 | 6536211000812/01.10.21 | 10/21 | 103194 | 483 | 103677 |
| 25 | 22101038/27.12.21 | 396237 | 6536211200423/01.12.21 | 12/21 | 114202 | 302 | 114504 |
| 26 | 22101168/15.01.22 | 405251 | 6536220100440/01.01.22 | 01/22 | 122734 | 601 | 123335 |
| 27 | 22101335/03.03.22 | 638714 | 6536220200427/01.02.22 | 02/22 | 114514 | 162 | 114676 |
| 28 | 22101471/26.03.22 | 574484 | 6536220300476/01.03.22 | 03/22 | 116167 | 640 | 116807 |
| 29 | കൺസ്യൂമർ നം .1165 363029164 - ത്വരിത കുടിവെള്ള പദ്ധതി | | | | | | |
| 30 | 22100668/13.10.21 | 401223 | 6536211000693/01.10.21 | 10/21 | 59244 | 415 | 59659 |
| 31 | 22101038/27.12.21 | 396237 | 6536211200238/01.12.21 | 12/21 | 117884 | 143 | 118027 |
| 32 | 22101168/15.01.22 | 405251 | 6536220100257/01.01.22 | 01/22 | 138162 | 619 | 138781 |
| 33 | 22101335/03.03.22 | 638714 | 6536220200243/01.02.22 | 02/22 | 192684 | 182 | 192866 |
| 34 | 22101471/26.03.22 | 574484 | 6536220305364/05.03.22 | 03/22 | 261203 | 233 | 261436 |
| 35 | 1165366031041 ഫിഷ് മാർക്കറ്റ് പെരിന്തൽമണ്ണ റോഡ് | | | | | | |
| 36 | 22101036/27.12.21 | 242477 | 6536211200096/01.12.21 | 12/21 | 21735 | 64 | 21799 |
| 37 | 1165367029974 ഫിഷ് മാർക്കറ്റ് | | | | | | |
| 39 | 22101146/11.01.22 | 72295 | 6536211217646/23.12.21 | 12/21 | 12625 | 90 | 12715 |
| 40 | 116536703136 ലൗലി കോർണ്ണർ കുടിവെള്ള പദ്ധതി | | | | | | |
| 41 | 22101146/11.01.22 | 72295 | 6536211218025/23.1.21 | 12/21 | 18202 | 88 | 18290 |
| 42 | 1165360022404- തെക്കുമുറി കുടിവെള്ള പദ്ധതി | | | | | | |
| 43 | 22101235/02.02.22 | 176120 | 6536220117512/24.01.22 | 01/22 | 17432 | 94 | 17526 |
| 44 | 1165364031925- പള്ളിപ്പാട്ട് കുടിവെള്ള പദ്ധതി | | | | | | |
| 45 | 22101235/02.02.22 | 176120 | 6536220117606/24.01.22 | 01/22 | 30611 | 164 | 30775 |
| 46 | | | | ആകെ | 4459251 | 13192 | 4472443 |

നഗരസഭയുടെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്നതും, എല്ലാ മാസവും ആവർത്തിച്ചുവരുന്നതുമാണ് വൈദ്യുതി ചാർജ്ജ് അടവാക്കൽ . തനതു ഫണ്ടിൽ മതിയായ തുക നീക്കിയിരുപ്പ് ഉണ്ടായിരിക്കെ പിഴയോടുകൂടി തുക ഒടുക്കിയത് അംഗീകരിക്കുന്നില്ല.പിഴ തുക 13192 രൂപ തിരികെ ഈടാക്കേണ്ടതാണ്. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/09.02.2023) ഡ്യൂ ഡേറ്റിന് രണ്ട് ദിവസം മുൻപ് മാത്രമാണ് ബില്ലുകൾ കെ.എസ്.ഇ.ബിയിൽനിന്നും നഗരസഭയിൽ ലഭിക്കുന്നതെന്നും ഭാവിയിൽ സമയബന്ധിതമായി വൈദ്യുതി ചാർജ്ജ് അടവാക്കുന്നതാണെന്നും മറുപടി

നൽകിയിട്ടുണ്ട്. തുക തനതുഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതുവരെ 13192 രൂപ സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* സമയബന്ധിതമായി വൈദ്യുതി ചാർജ്ജ് അടവാക്കേണ്ടതാണ്.

* 13192 രൂപ തനതുഫണ്ടിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല.

പട്ടാമ്പി നഗരസഭാ പരിധിയിൽ നഗരസഭ നേരിട്ട് നടത്തുന്ന മൂന്ന് വലിയ കുടിവെള്ള പദ്ധതികളും മുപ്പത് ചെറിയ കുടിവെള്ള പദ്ധതികളുമാണ് ഉള്ളത്. സർക്കാർ ഉത്തരവ് (സാധാ) 1275/2009/ത.സ്വ.ഭ.വ തീയ്യതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏൽപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ കുടിവെള്ള പദ്ധതികളൊന്നും നാളിതുവരെ സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന പ്രകാരം ഗുണഭോക്തൃസമിതികൾക്ക് കൈമാറാത്തത് കാരണം ഭാരിച്ച നഷ്ടം തനത് ഫണ്ടിനുണ്ടാകുന്നുണ്ട്. ഗുണഭോക്തൃ സമിതികൾക്ക് കൈമാറി തനതു ഫണ്ടിൽ നിന്നുള്ള ചോർച്ച കുറയ്ക്കണമെന്നുള്ള മുൻവർഷങ്ങളിലെ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ലഭ്യമാക്കിയ രേഖകൾ പ്രകാരം ഈ പദ്ധതികളിൽ പൊതു ടാപ്പുകളൊന്നും നിലവിലില്ല. മേൽ കുടിവെള്ള പദ്ധതികളിലെ ഗുണഭോക്താക്കളുടെ വിവരങ്ങളും ഈടാക്കുന്ന നിരക്കും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ഈടാക്കുന്ന നിരക്ക് | വാർഷിക ഡിമാന്റ് |
|---|---|---|---|---|
| 1 | ഗാർഹികം | 4364 | 100 | 4364x100x12=5236800 |
| 2 | സ്പെഷൽ റസിഡൻസ് | 62 | 250 | 62x250x12= 186000 |
| 3 | ഗാർഹികേതരം | 264 | 350 | 264x350x12= 1108800 |
| | ആകെ | 4690 | | 6531600 |

2021-22 വർഷത്തിൽ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വരവ് ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | വെള്ളക്കരം- ഡിമാന്റ് I-4(b)- 6605640 രൂപ | 6605640 |
| 2 | വെള്ളക്കരം - വരവ് (RP 37)<br>തൻവർഷം- 3427909 രൂപ<br>കുടിശിക - 687844 രൂപ | 4115753 |
| 3 | ആകെ വരവ് | 4115753 |
| 4 | വൈദ്യുതി ചാർജ്ജ് (RP 12) | 6779752 |
| 5 | പമ്പ് ഓപ്പറേറ്റർ/ മീറ്റർ റീഡർ വേതനം (33 പേർ)<br>1) 16000x10x12=1920000 രൂപ<br>2) 10000x3x12= 360000 രൂപ<br>3) 8500x1x12=102000 രൂപ<br>4) 8000x4x12=384000 രൂപ<br>5) 7500x1x12= 90000 രൂപ<br>6) 7000x1x12=84000 രൂപ<br>7) 5000x6x12=360000 രൂപ<br>8) 4500x1x12=54000 രൂപ<br>9) 4000x4x12=192000 രൂപ<br>10) 3000x2x12=72000 രൂപ<br>11) 12000x6x12=864000 രൂപ (മീറ്റർ റീഡർ) | 4482000 |
| 6 | റിപ്പയർ & മെയിന്റനൻസ് (RP 38) | 625132 |
| 7 | ആകെ ചെലവ് | 11886884 |
| 8 | വരവ് - ചെലവ് വ്യത്യാസം | -7771131 |
| 9 | പിരിച്ചെടുക്കാനുള്ള തുക (B-15)<br>തൻവർഷം- 3103691<br>മുൻ വർഷങ്ങളിലെ തുക - 10301529 | 13405220 |

കൂടാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും പ്രൊജക്ട് മുഖാന്തിരം തൻവർഷത്തിൽ ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| 10 | 293/22 കുമ്പൻകല്ല് - ശങ്കരമംഗലം പൈപ്പ് ലൈൻ നീട്ടൽ | 1556843 |
| 11 | 129/22 വിവിധ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 418692 |
| 12 | 169/22 ഇരിക്കുന്ന് എസ് സി കുടിവെള്ളപദ്ധതി | 99908 |
| 13 | ആകെ | 2075443 |

തൻവർഷത്തിൽ വരവിനേക്കാൾ 77 ലക്ഷം രൂപ അധികം ചെലവ് ചെയ്യേണ്ടിവന്നിട്ടുണ്ട്.

നഗരസഭയെ സംബന്ധിച്ചിടത്തോളം ഇത്രയും ഭീമമായ തുക ആവർത്തനച്ചെലവിനത്തിൽ

ചെലവഴിക്കേണ്ടി വരുന്നത് വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചുകൊണ്ടിരിക്കുന്നു. കുടിവെള്ള വിതരണം നഗരസഭയുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയായിരിക്കെ ഈയിനത്തിൽ വരുന്ന ആവർത്തനച്ചെലവും വരവും ചെലവും തമ്മിലുള്ള ഭീമമായ അസന്തുലിതാവസ്ഥയും, നഗരസഭക്ക് കനത്ത ബാധ്യത വരുത്തിക്കൊണ്ടിരിക്കുന്നു. സങ്കീർണ്ണവും സമഗ്രവുമായ കുടിവെള്ള വിതരണ സംവിധാനത്തിന്റെ ഭരണം, മേൽ നോട്ടം, സുഗമമായ പ്രവർത്തനം എന്നിവയ്ക്ക് സാങ്കേതിക വൈദഗ്ധ്യം നേടിയ ജീവനക്കാർ അനിവാര്യമാണെന്നിരിക്കെ അത്തരത്തിലുള്ള യാതൊരു സംവിധാനവും നഗരസഭക്കില്ല. സാങ്കേതിക പരിജ്ഞാനമില്ലാത്ത, ദിനവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട താൽക്കാലിക ജീവനക്കാരാണ് ഈ സംവിധാനം നിയന്ത്രിച്ച് കൊണ്ടിരിക്കുന്നത്.

ഓരോ കുടിവെള്ള പദ്ധതികളുടേയും വിതരണക്ഷമത, വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണമേന്മ പരിശോധനാവിവരം, ഓരോ പദ്ധതിക്ക കീഴിലും വരുന്ന ഗുണഭോക്താക്കളുടെ എണ്ണം കണക്ഷനുകളുടെ ഫീൽഡ് പരിശോധനാ റിപ്പോർട്ട് എന്നിവ സംബന്ധിച്ച കണക്കുകളും ഓരോ പദ്ധതിയിൻകീഴിലുള്ള ഓവർഹെഡ് ടാങ്കുകളുടെ എണ്ണം, ഓരോ പദ്ധതിയുടേയും വേർതിരിച്ച വരവ്-ചെലവ് കണക്കുകൾ എന്നീ വിശദാംശങ്ങളൊന്നും നിലവിലില്ല. അറ്റകുറ്റപ്പണികളുടെ വ്യക്തമായ കണക്കുകൾ എഴുതി സൂക്ഷിക്കുന്നില്ല. അറ്റകുറ്റപ്പണികളുടെ അനിവാര്യത സാക്ഷ്യപ്പെടുത്തുന്ന ആധികാരിക റിപ്പോർട്ടുകൾ ഇല്ലാതെയാണ് അറ്റകുറ്റപ്പണികൾ നടത്തുന്നത്. ഉപഭോക്താക്കളുടെ ഭാഗത്തുനിന്നുള്ള പരാതിയോ, അപേക്ഷയോ കൂടാതെയാണ് അറ്റകുറ്റപ്പണികൾ നിർവഹിക്കുന്നത്.

വെള്ളക്കരം നിരക്കിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തിയിട്ടില്ല. കുടിശിക പരിച്ചെടുക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടില്ല. നാളിതുവരെയായും കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/09.02.2023) കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും, ഉപഭോക്താക്കൾ, കൗൺസിലർമാർ എന്നിവർ കംപ്ലെയിന്റ് രേഖപ്പെടുത്തുന്ന പ്രകാരമാണ് പ്രവ്യത്തികൾ ചെയ്യുന്നതെന്നും, വെള്ളക്കരം നിരക്കിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനും, സാധ്യമായ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് -സംരക്ഷണ ചുമതല ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതാണെന്ന 30-5-2009 ലെ സ.ഉ(സാ)നം.1275/2009/ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശം പാലിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ നടത്തേണ്ടതാണ്.

2.പദ്ധതികൾ കൈമാറുന്നതുവരെ ഉപഭോക്താക്കളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ഡിമാന്റ് രജിസ്റ്ററും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും തയ്യാറാക്കി കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്.

3.വെള്ളക്കരം നിരക്കിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തേണ്ടതാണ്.

4. വരവിന് ആനുപാതികമായി ചെലവുകൾ ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിഷയം ചർച്ച ചെയ്ത് ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ആപ്പ് -തുടർ നിരീക്ഷണങ്ങൾ നടത്തേണ്ടതാണ്

| പ്രൊജക്റ്റ്-279/22 | അടങ്കൽ | ചെലവ് |
| --- | --- | --- |

| | | |
|---|---|---|
| ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ആപ്പ് | 763000 Cfc Grant | 673000 |
| നിർവ്വഹണം | ഹെൽത്ത് ഇൻസ്പെക്ടർ | |

മാലിന്യ സംസ്കരണ മേഖലയിൽ ഓരോ പ്രവർത്തനവും അതത് സമയങ്ങളിൽ ഡിജിറ്റൽ സംവിധാനത്തിലൂടെ സംസ്ഥാന തലം മുതൽ തദ്ദേശസ്വയംഭരണ സ്ഥാപന വാർഡുതലം വരെ വിലയിരുത്തുന്നതിനായി കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ ഹരിതകേരള മിഷൻ, ശുചിത്വ മിഷൻ കില എന്നിവരുടെ സഹകരണത്തോടെ വികസിപ്പിച്ചെടുത്ത ആപ്ലിക്കേഷനാണ് ഹരിതമിത്രം.വീടുകൾ മറ്റു പൊതു സ്ഥലങ്ങൾ, ഓഫീസുകൾ , സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ നിന്നും മാലിന്യ ശേഖരിക്കുന്നതിന്റെ വിവരങ്ങൾ, ഹരിതകർമ്മസേനയുടെ യൂസർഫീ ശേഖരണം, പാഴ് വസ്തു ശേഖരണം തുടങ്ങിയ വിവരങ്ങൾ ഈ ആപ്പ് വരുന്നതോടുകൂടി അറിയുവാൻ സാധിക്കും. യൂസർഫീ നൽകാത്ത സ്ഥാപനങ്ങളേയും വീടുകളേയും കൃത്യമായി അറിയുവാൻ സാധിക്കും .

സ ഉ (സാധാ) നം-2341/2022/LSGD, തിയ്യതി 26-09-2022തദ്ദേശസ്വയംഭരണ ( ഡബ്ല്യു. എം) , സ ഉ (സാധാ) 493/2022/LSGD, 2-03-2022 ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പട്ടാമ്പി നഗരസഭയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർവ്വീസ് ചാർജ്ജ് ഇനത്തിൽ 6,49,000- രൂപയും എസ് എം എസ് ഇനത്തിൽ 24000-രൂപയും കൂടി ആകെ 6,73000/-രൂപ കെൽട്രാൺ മുഖേന നടപ്പിലാക്കുന്നതിന് 21-04-2022 ന് A/c No-3301002100016241 കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കെൽട്രോണിന്റെ റിസോർസ് പേഴ്സണിന്റെ സേവനം ആറു മാസത്തേക്കാണ് കരാർ വെച്ചിരിക്കുന്നത്. ഹരിത കർമ്മസേനക്കാർക്ക് ഒറിയൻറ്റേഷൻ പരിശീലനത്തിനും ശേഷി വർദ്ധിപ്പിക്കുന്നതിനും പിന്തുണ നൽകുന്നതു വഴി സേനയുടെ സുഗമമായ പ്രവർത്തനം ലക്ഷ്യമിടുന്നു. ഹരിത മിത്രം ആപ്പിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി ആപ്പ് വഴി സേവനങ്ങൾ നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ (21/13-02-23 ) ക്കുള്ള മറുപടിക്ക് താഴെ പറയും പ്രകാരം സേവനങ്ങൾ നടത്തിയതായി അറിയിച്ചിട്ടിണ്ട്.

| | |
|---|---|
| ആകെ കെട്ടിടങ്ങൾ | 10700 |
| എൻറോൾമെന്റ് പൂർത്തീകരിച്ചത് | 7241 |
| സബ്ക്രിപ്ഷൻ പൂർത്തീകരിച്ചത് | 1264 |
| സേവനങ്ങൾ നൽകിയത് | 742 |
| ആപ്പ് മുഖേന പണമിടപാട് നടത്തിയത് | 40410 |
| QR Code പതിപ്പിച്ചവയുടെ എണ്ണം | 7241 |

ബാക്കി സേവനങ്ങളും പൂർത്തീകരിച്ച് വിവരം ഓഡിറ്റനെ അറിയിക്കേണ്ടതാണ്.

1-21 സുഭിക്ഷകേരളം - പദ്ധതി നഗരസഭയിൽ ആവിഷ്കരിച്ചിട്ടില്ല

പട്ടാമ്പി നഗരസഭയിൽ കൃഷി ഓഫീസർ മുഖേന നെല്ല് കർഷകർക്ക് ഉഴവുകൂലി നൽകൽ, നെൽവിത്ത് വിതരണം എന്ന പ്രൊജക്റ്റുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻവർഷത്തിൽ സുഭിക്ഷകേരളം - പദ്ധതി നഗരസഭയിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

കോവിഡിന്റെ പശ്ചാത്തലത്തിൽ കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ കഴിയുന്നത്ര എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതിയുടെ മാർഗ്ഗരേഖ സ.ഉ (കൈ)നം.14/2020 /ആ.സാ.വ തിയതി 18-05-2020 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഭക്ഷ്യോത്പാദന വർദ്ധനവിനൊപ്പം തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സ.ഉ (കൈ)നം.45/2020

/തസ്വഭവ തിയതി 6-3-2020 പ്രകാരം പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടിയിലെ ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം, ഒരു കോടി ഫലവൃക്ഷ തൈകൾ നട്ടു വളർത്തൽ എന്നിവ സുഭിക്ഷ കേരളം പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. സ.ഉ(സാധാ)നം. 1009/2020/തസ്വഭവ തിയതി 29-05-2020 പ്രകാരം സുഭിക്ഷ കേരളം പദ്ധതി പ്രകാരം കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് മേഖലയിൽ അനുവദനീയമായ പ്രവർത്തനങ്ങളും അനുവദിക്കാവുന്ന സബ്സിഡിയും ഉൾപ്പെടുത്തി സബ്സിഡി മാർഗ്ഗരേഖ പുതുക്കുകയും ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഭക്ഷ്യസാധനങ്ങളുടെ ഉത്പാദനം വൻതോതിൽ വർദ്ധിപ്പിക്കുന്നതിനുള്ള കർമ്മ പരിപാടി "സുഭിക്ഷകേരളം" എന്ന പേരിൽ കേരളത്തിലെ ഓരോ വ്യക്തിയും കുടുംബവും സ്ഥാപനവും കൃഷിയിൽ പങ്കെടുത്തുകൊണ്ടുള്ള സംഭാവന നൽകേണ്ടതാണ്.

നെല്ല്, പഴവർഗ്ഗങ്ങൾ, മരച്ചീനി ഉൾപ്പെടെയുള്ള കിഴങ്ങ് വർഗ്ഗങ്ങൾ, പച്ചക്കറി, പയർവർഗ്ഗങ്ങൾ, ഇറച്ചിക്കോഴി, മുട്ടക്കോഴി, പാൽ, ആട്, പോത്ത്, പന്നി, മത്സ്യം എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിച്ച് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, കാർഷിക - അനുബന്ധ മേഖലകൾക്ക് പുതുജീവൻ നൽകി കർഷകരുടേയും, കർഷകതൊഴിലാളികളുടേയും വരുമാനം വർദ്ധിപ്പിക്കുക എന്നിവ ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്.

തരിശു ഭൂമിയിൽ കൃഷി ചെയ്യുന്നതിനാണ് ഈ പദ്ധതിയിലെ മുഖ്യ ഊന്നൽ.ഇതിന് നേതൃത്വം നൽകേണ്ടത് പ്രാദേശിക സർക്കാരുകളാണ്. ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള എല്ലാ ഇടപെടലുകളും കൃഷിക്കാരേയും കർഷകത്തോഴിലാളികളേയും ഉപഭോക്താക്കളേയും മുൻനിർത്തിയുള്ളതാകണം. കൃഷിയിലേർപ്പെടുന്നവർക്ക് സ്ഥായിയായ വരുമാനം ഉറപ്പാക്കുന്ന തരത്തിലുള്ള സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകാനുള്ള ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാരിന്റെ വകുപ്പുകളും ഏറ്റെടുക്കേണ്ടതാണ്. ഈ വിധത്തിൽ ഭക്ഷ്യസുരക്ഷ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് സുഭിക്ഷ കേരളം പദ്ധതി ആവിഷ്കരിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി ( 27/14-02-2122 )ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-22 ആശ്രയ പദ്ധതി ഫണ്ട് ചെലവഴിച്ചിട്ടില്ല

| | | |
|---|---|---|
| പ്രൊജക്റ്റ് നം-51/22 | ആശ്രയ പദ്ധതി | അടങ്കൽ-80000 |
| നിർവ്വഹണം | ഹെൽത്ത് ഇൻസ്പെക്ടർ | ചെലവ്-80000 |
| ബിൽ നമ്പർ, തീയ്യതി | 3/22,30-07-2021 | |
| പ്രൊജക്റ്റ് നം-52/22 | ആശ്രയ പദ്ധതി | അടങ്കൽ-1300000 |
| നിർവ്വഹണം | ഹെൽത്ത് ഇൻസ്പെക്ടർ | ചെലവ്-1300000 |
| ബിൽ നമ്പർ, തീയ്യതി | 2/22,30-07-21 | |

മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി സി ഡി എസ് ചെയർപേഴ്സൺ പേരിലുള്ള അക്കൗണ്ടിലേക്ക് (A/c No- 40272101069286, കേരള ഗ്രാമീണ ബാങ്ക്) കൈമാറിയിട്ടുണ്ട്. എന്നാൽ പാസ്ബുക്ക് പരിശോധിച്ചതിൽ 31-03-2022 ന ചാലഞ്ച് ഫണ്ട് ഉൾപ്പടെ 23,22,098 നീക്കിയിരിപ്പുണ്ട്. ഓഡിറ്റ് വർഷത്തിൽ മേൽ സൂചിപ്പിച്ച രണ്ട് പദ്ധതികളും നടപ്പാക്കിയിട്ടില്ല.

ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡം പ്രകാരം അഗതികളായ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അഗതിരഹിതകേരളം പദ്ധതിയുടെ ലിസ്റ്റിൽ209 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ സ്ഥലം, ഭവനം, ഭവന റിപ്പയർ, ലാടിൻ, വൈദ്യുതി കണക്ഷൻ, കുടിവെള്ളകണക്ഷൻ, മരുന്ന്, വിദ്യാഭ്യാസം എന്നീ ക്ലേശഘടകങ്ങൾക്ക് അർഹരായ ഗുണഭോക്താക്കളുടെ എണ്ണം വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ക്ലേശഘടകങ്ങൾ | അംഗങ്ങളുടെ എണ്ണം | സേവനങ്ങൾ ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | ഭവനം | 48 | - |
| 2 | ഭവന നവീകരണം | 81 | 18 |
| 3 | വിദ്യഭ്യാസം | 13 | 13 |
| 4 | കുടിവെള്ളം | 29 | - |
| 5 | മരുന്ന് | 132 | 132 |
| 6 | ലാടിൻ | 19 | - |
| 7 | വൈദ്യുതി കണക്ഷൻ | | - |
| 8 | സ്ഥലം | 1 | - |

ആശ്രയ ഗുണഭോക്താക്കൾക്കുള്ള അടിസ്ഥാന ആവശ്യങ്ങൾക്ക് പദ്ധതി രൂപീകരിച്ചിട്ടുണ്ടെങ്കിലും നടപ്പിൽ വരുത്താത്തതിനു വിശദീകരണം ലഭ്യമാകുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ 10/8-02-23 നുള്ള മറുപടിയിൽ തുടർ വർഷങ്ങളിൽ ഭവന നവീകരണത്തിന് ധനസഹായം നൽകുന്നുണ്ടെന്നറിയിച്ചിട്ടുണ്ട്.

സേവന മേഖലയിൽ ആവിഷ്കരിക്കുന്ന നിർബന്ധിത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-23 മുൻ വർഷങ്ങളിൽ ആശ്രയ പദ്ധതിക്ക് അനുവദിച്ച ഫണ്ടുകൾ ചെലവഴിക്കാതെ നീക്കിയിരിപ്പായി തുടരുന്നു

1) പട്ടാമ്പി പഞ്ചായത്തായിരുന്ന സമയത്ത് ആശ്രയ പദ്ധതി നടപ്പാക്കുന്നതിനു വേണ്ടി ( 2006) 4,06938 /-വികസന ഫണ്ട് അനുവദിച്ചിരുന്നു. സി.ഡി.എസ് ചെയർപേഴ്സൺ പേരിലുള്ള അക്കൗണ്ടിലേക്ക് ( A/c No- 40272101069286, കേരള ഗ്രാമീണ ബാങ്ക്) കൈമാറിയ തുക മൂതനിക്ഷേപമായി തുടരുന്നു.

2) ആശ്രയ പദ്ധതി രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനു വേണ്ടി വിവിധ തിയ്യതികളിൽ താഴെ പറയുന്ന തുകകൾ സി ഡി എസ് ചെയർപേഴ്സൺ പേരിലുള്ള അക്കൗണ്ടിലേക്ക് ( A/c No- 40272101069286, കേരള ഗ്രാമീണ ബാങ്ക്) കൈമാറിയിട്ടുള്ളത് മൂതനിക്ഷേപമായി തുടരുന്നു.

| ക്രമ നമ്പർ | തീയ്യതി | തുക |
|---|---|---|
| 1 | 17-03-2018 | 1,00000- |
| 2 | 17-03-2018 | 2,00000- |
| 3 | 12-10-2018 | 2,00000- |
| 4 | 21-04-2020 | 1,00000- |
| 5 | 28-04-2020 | 2,00000- |

| | | |
|---|---|---|
| 6 | 30-03-2021 | 50000- |
| ആകെ | | 8,50000- |

നാളിതു വരെയായിട്ടും മേൽ തുകകൾ തിരിച്ചടക്കാത്തതിനു വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (11/08-02-23) മറുപടിയിൽ നീക്കിയിരിപ്പായിട്ടുള്ള തുകകൾ തിരിച്ചടവാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

1-24 പി.എം.എ.വൈ. ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച രജിസ്റ്റർ പ്രകാരം വിവിധ DPR കളിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരം താഴെ പറയും പ്രകാരമാണ്.

| | കരാർ വച്ചവരുടെ എണ്ണം | നിർമ്മാണം പൂർത്തിയാക്കി ധനസഹായം പൂർണ്ണമായും കൈപ്പറ്റിയവരുടെ എണ്ണം | ഭവന നിർമ്മാണം പൂർത്തിയാക്കാത്തത് |
|---|---|---|---|
| DPR I | 162 | 154 | 6 |
| DPR II | 74 | 70 | 4 |
| DPR III | 148 | 142 | 6 |
| DPR IV | 46 | 42 | 4 |
| DPR V | 151 | 126 | 25 |
| DPR V1 | 319 | 319 | 0 |

ഭവനപദ്ധതി പ്രകാരം കരാർ വച്ച എല്ലാ ഗുണഭോക്താക്കളും നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാകുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷത്തിനുള്ള (12/08-02-2023) മറുപടിയിൽ കരാർ വച്ച എല്ലാ ഗുണഭോക്താക്കളേയും നേരിൽ വിളിക്കുകയും അടിയന്തിരമായി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്.

2) നഗരസഭ നടപ്പാക്കിയ പി.എം.എ.വൈ. പദ്ധതിയിൽ ഭവന നിർമ്മാണത്തിന് തുക കൈപ്പറ്റിയിട്ടും താഴെപ്പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല.

| ക്രമ നം | പേര് | കൈപ്പറ്റിയ ആകെ തുക | ഡി പി ആർ | ബാക്കി | റിമാർക്കസ് |
|---|---|---|---|---|---|
| 1 | കാർത്യാനി. പി വാർഡ്-2 | 360000 | 1 | 40000 | ടിയാരിയുടെ വീടുപണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഫിസിക്കൽ വേരിഫിക്കേഷൻ |

| | | | | | |
|---|---|---|---|---|---|
| | | | | | നടത്തിയിട്ടുണ്ടെന്നും അവസാന ഗഡു അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. |
| 2 | റഷീദ ഹമ്മീദ് | 232500 | 1 | 167500 | 3ാം ഗഡു അനുവദിച്ചിട്ടുണ്ട് |
| 3 | മിനി .പി | 360000 | 1 | 40000 | ടിയാരിയുടെ വീട്ടുപണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഫിസിക്കൽ വേരിഫിക്കേഷൻ നടത്തിയിട്ടുണ്ടെന്നും അവസാന ഗഡു അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് |
| 4 | അബ്ദുൾ ഗഫൂർ | 360000 | 1 | 40000 | ടിയാരിയുടെ വീട്ടുപണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഫിസിക്കൽ വേരിഫിക്കേഷൻ നടത്തിയിട്ടുണ്ടെന്നും അവസാന ഗഡു അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് |
| 5 | ഗീത | 360000 | 1 | 40000 | ടിയാരിയുടെ വീട്ടുപണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഫിസിക്കൽ വേരിഫിക്കേഷൻ നടത്തിയിട്ടുണ്ടെന്നും അവസാന ഗഡു അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് |
| 6 | സുബൈദ | 360000 | 1 | 40000 | ടിയാരിയുടെ വീട്ടുപണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഫിസിക്കൽ വേരിഫിക്കേഷൻ നടത്തിയിട്ടുണ്ടെന്നും അവസാന ഗഡു അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് |
| 7 | ഉമൈദ | 360000 | 1 | 40000 | ടിയാരിയുടെ വീട്ടുപണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഫിസിക്കൽ വേരിഫിക്കേഷൻ നടത്തിയിട്ടുണ്ടെന്നും |

| | | | | | |
|---|---|---|---|---|---|
| | | | | | അവസാന ഗഡു അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് |
| 8 | രാമാ | 347500 | 1 | 52500 | 80% പൂർത്തീകരിച്ചിട്ടുണ്ട്. |
| 9 | സമീറ | 190000 | 2 | 210000 | ലിൻറ്റൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| 10 | സുനില കുമാരി | 360000 | 2 | 40000 | ടിയാരിയുടെ വീട്ടുപണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഫിസിക്കൽ വേരിഫിക്കേഷൻ നടത്തിയിട്ടുണ്ടെന്നും അവസാന ഗഡു അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് |
| 11 | രമേശ് | 360000 | 2 | 40000 | ടിയാരിയുടെ വീട്ടുപണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഫിസിക്കൽ വേരിഫിക്കേഷൻ നടത്തിയിട്ടുണ്ടെന്നും അവസാന ഗഡു അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് |
| 12 | സുമ്മയ്യ | 360000 | 2 | 40000 | ടിയാരിയുടെ വീട്ടുപണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഫിസിക്കൽ വേരിഫിക്കേഷൻ നടത്തിയിട്ടുണ്ടെന്നും അവസാന ഗഡു അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് |
| 13 | ഉസ്മാൻ | 360000 | 3 | 40000 | ടിയാരിയുടെ വീട്ടുപണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഫിസിക്കൽ വേരിഫിക്കേഷൻ നടത്തിയിട്ടുണ്ടെന്നും അവസാന ഗഡു അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് |
| 14 | അമ്മിണി | 360000 | 3 | 40000 | ടിയാരിയുടെ വീട്ടുപണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഫിസിക്കൽ വേരിഫിക്കേഷൻ |

| | | | | | |
|---|---|---|---|---|---|
| | | | | | നടത്തിയിട്ടുണ്ടെന്നും അവസാന ഗഡു അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് |
| 15 | രജനി | 360000 | 3 | 40000 | ടിയാരിയുടെ വീടുപണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഫിസിക്കൽ വേരിഫിക്കേഷൻ നടത്തിയിട്ടുണ്ടെന്നും അവസാന ഗഡു അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് |
| 16 | ശാന്തകുമാരി | 200000 | 3 | 200000 | തറ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് |
| 17 | വനജകുമാരി | 360000 | 3 | 40000 | ടിയാരിയുടെ വീടുപണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഫിസിക്കൽ വേരിഫിക്കേഷൻ നടത്തിയിട്ടുണ്ടെന്നും അവസാന ഗഡു അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് |
| 18 | വസന്ത | 360000 | 3 | 40000 | ടിയാരിയുടെ വീടുപണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഫിസിക്കൽ വേരിഫിക്കേഷൻ നടത്തിയിട്ടുണ്ടെന്നും അവസാന ഗഡു അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് |

തുക കൈപ്പറ്റിയ മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-25 കോവിഡിന്റെ പശ്ചാത്തലത്തിൽ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ഫിഷറീസ് മേഖലയിൽ ഏറ്റെടുത്ത പദ്ധതികൾ നടപ്പിലാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

കോവിഡിന്റെ പശ്ചാത്തലത്തിൽ കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ കഴിയുന്നത്ര എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതിയുടെ മാർഗ്ഗരേഖ സ.ഉ (കൈ)നം.14/2020 /ആ.സാ.വ തിയതി 18-05-2020 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഭക്ഷ്യോത്പാദന വർദ്ധനവിനൊപ്പം തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സ.ഉ (കൈ)നം.45/2020 /തസ്വഭവ തിയതി 6-3-2020 പ്രകാരം പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടിയിലെ ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം, ഒരു കോടി ഫലവൃക്ഷ തൈകൾ നട്ടു വളർത്തൽ എന്നിവ സുഭിക്ഷ കേരളം പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. സ.ഉ (സാധാ)നം.

1009/2020/തസ്വഭവ തിയതി 29-05-2020 പ്രകാരം സുഭിക്ഷ കേരളം പദ്ധതി പ്രകാരം കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് മേഖലയിൽ അനുവദനീയമായ പ്രവർത്തനങ്ങളും അനുവദിക്കാവുന്ന സബ്സിഡിയും ഉൾപ്പെടുത്തി സബ്സിഡി മാർഗ്ഗരേഖ പുതുക്കുകയും ചെയ്തിട്ടുണ്ട്.

സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച് രണ്ട് പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. 274/22 -ബയോഫ്ളോക് മത്സ്യകൃഷി

അടങ്കൽ - 276000 (വികസന ഫണ്ട് - 73600+ സംസ്ഥാനാവിഷ്കൃതം - 36800 + മറ്റുള്ളവ – 165600 )

2. 271/22 - വീട്ടു വളപ്പിലെ കുളത്തിലെ മത്സ്യകൃഷി

അടങ്കൽ - 492000 (വികസന ഫണ്ട് - 131200 + സംസ്ഥാനാവിഷ്കൃതം - 65600 + മറ്റുള്ളവ – 295200 )

കോവിഡിന്റെ പശ്ചാത്തലത്തിൽ ആവിഷ്കരിക്കുന്ന ഇത്തരം പദ്ധതികൾക്ക് പ്രാധാന്യം നൽകി സമയബന്ധിതമായി നടപ്പാക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയഎൻക്വയറിക്ക് (എൻക്വയറി നമ്പർ 02/03.02.2023)ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ 2022-23 വർഷത്തെ സ്പിൽ ഓവർ പ്രോജക്ടിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കിയതായി അറിയിച്ചിട്ടുണ്ട്.

1-26 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ- മാർഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

പട്ടാമ്പി മുനിസിപ്പാലിറ്റി പരിധിയിലെ ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ഓഫീസർമാരുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ വാങ്ങി വികലാംഗ ക്ഷേമം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി താഴെ പറയുന്ന പ്രൊജക്ട് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ (സ്പിൽ ഓവർ) |
| അടങ്കൽ | 150000/- രൂപ മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 149887/- രൂപ |
| ബിൽ നം. | 09/2021-22 തീയതി 30.03.2022 |
| ഇൻവോയ്സ് നം / തീയതി | PKDBC/201/21-22 തീയതി 16.03.2022 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർ വൈസർ |

ഭിന്നശേഷിക്കാരുടെ അർഹതാ നിർണ്ണയം നടത്തുന്നതിന് മെഡിക്കൽ ക്യാമ്പ് നടത്തുകയും, ക്യാമ്പിൽ പങ്കെടുത്ത, ഉപകരണങ്ങൾ ആവശ്യമായ ഗുണഭോക്താക്കളുടെ ലിസ്റ്റ് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലേക്കുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.1.4 (1) ൽ ശാരീരിക മാനസിക

വെല്ലുവിളി നേരിടുന്നവർക്ക് ആവശ്യമായ ഉപകരണങ്ങൾ, വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നോ, ആർട്ടിഫിഷ്യൽ ലിംപ് മാനുഫാക്ചറിംഗ് കോർപ്പറേഷനിൽ നിന്നോ വാങ്ങാവുന്നതാണെന്നും, ഖണ്ഡിക 7.1.4 (3) ടെണ്ടർ കൂടാതെ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന ഉപകരണങ്ങളും, കെൽട്രോൺ സ്വയം നിർമ്മിക്കുന്ന ഉപകരണങ്ങളും, വാങ്ങാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വാങ്ങലിന് വികലാംഗ ക്ഷേമ കോർപ്പറേഷനേയോ, കെൽട്രോണിനേയോ സമീപിക്കാതെ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ (KSIE) നിന്നും നേരിട്ട് വാങ്ങുകയാണ് ചെയ്തിരിക്കുന്നത്. ആയതിന് ശുപാർശ നൽകിയിട്ടുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയോ, ഭരണസമിതിയുടെയോ തീരുമാനത്തിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

വിവിധ പ്രോജക്ടുകളിലായി ഏറ്റവും അധികം തുക ചെലവഴിച്ചിരിക്കുന്നത് കേൾവി ശക്തി ലഭിക്കുന്നതിനുള്ള ഉപകരണങ്ങളായ Moderate Class Digital Multi Channal BTE Hearing Aid (@ 16990, Profound Class Digital Multi Channal BTE Hearing Aid (@ 16990 രൂപ ഒന്നിന്), Severe Class Digital Multi Channal BTE Hearing Aid (@ 14835 രൂപ) എന്നിവയാണ്. സ്റ്റോർ പർചേയസ് ഡിപ്പാർട്ടുമെന്റിന്റെ 05.08.2021 ലെ SPDR/2021/00024 നം.ഉത്തരവ് പ്രകാരം KSIE യ്ക്ക് സർക്കാരുമായുള്ള റേറ്റ് കോൺട്രാക്ട് 05.08.2021 മുതൽ 04.08.2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട് . പ്രസ്തുത ഉത്തരവിൽ അനുബന്ധമായി ചേർത്തിട്ടുള്ള 104 സാധനങ്ങളുടെ ലിസ്റ്റിൽ കേൾവി ശക്തി ഉപകരണങ്ങൾ ഉൾപ്പെടുന്നില്ല.

ഉപകരണങ്ങൾ വികലാംഗ ക്ഷേമ കോർപ്പറേഷൻ, കെൽട്രോൺ എന്നിവിടങ്ങളിൽ ലഭ്യമായിരിക്കെ , സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ സർക്കാരുമായുള്ള റേറ്റ് കോൺട്രാക്ട് ലിസ്റ്റിൽ ഇല്ലാത്ത ഉപകരണം ടെണ്ടർ ഇല്ലാതെ നേരിട്ട് വാങ്ങിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 3/06.02.2023) വരുന്ന വർഷങ്ങളിൽ ശ്രദ്ധിക്കാം എന്നുള്ള മറുപടിയാണ് ഐ.സി.ഡി.എസ് സൂപ്പർ വൈസർ ലഭ്യമാക്കിയത്.

1-27 എം.എൽ.എ എസ്.ഡി.എഫ് പദ്ധതികൾ- കൺവീനർ പ്രവൃത്തികൾ- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

പട്ടാമ്പി എം.എൽ.എ ശ്രീ.മുഹമ്മദ് മുഹ്സിന്റെ എസ്.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭാ പ്രദേശത്ത് അനുവദിച്ച താഴെ പറയുന്ന പ്രവൃത്തികൾ ഗുണഭോക്തൃസമിതി കൺവീനർ മുഖാന്തിരമാണ് നിർവ്വഹിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | കിഴായൂർ ലക്ഷംവീട് കോളനി റോഡ് കോൺക്രീറ്റിംഗ് |
| അടങ്കൽ | 433000 രൂപ |
| നിർവ്വഹണം | സെക്രട്ടറി |
| കൺവീനർ | ഉണ്ണികൃഷ്ണൻ.കെ |
| ഭരണാനുമതി | R.D4/666/2021 തീ.15.02.2021 |
| സാങ്കേതിക അനുമതി | LSCD/TS/2020-21/7866/19.02.21 (3 മാസം) |
| എം ബുക്ക് | 80/20-21 |
| ബിൽ | 11/22-തീ 04.08.2021- 432081 രൂപ |
| എഗ്രിമെന്റ് നം. | 06/20-21 തീ.26.02.2021 |

15.02.2021 ന് 15-ാം വാർഡ് കൗൺസിലറുടെ അദ്ധ്യക്ഷതയിൽ വിളിച്ച് ചേർത്ത യോഗത്തിൽ ശ്രീ. സുബൈർ ചെയർമാനായും ശ്രീ. ഉണ്ണികൃഷ്ണൻ കൺവീനർ ആയും കമ്മിറ്റി രൂപീകരിക്കുകയും കിഴായൂർ ലക്ഷംവീട് കോളനി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി ഏറ്റെടുക്കുന്നതിന് തീരുമാനിക്കുകയും, നഗരസഭാ സെക്രട്ടറിയുമായി കരാറിൽ ഏർപ്പെടുന്നതിന് തീരുമാനിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് | തോട്ടുങ്ങൽ സിറ്റി കുടിവെള്ളപദ്ധതി |
| അടങ്കൽ | 498000 രൂപ |
| നിർവ്വഹണം | സെക്രട്ടറി |
| കൺവീനർ | മുഹമ്മദ് ഫൈസൽ |
| ഭരണാനുമതി | R.D4/2052/2020(2) തീ.28.01.2021 |
| സാങ്കേതിക അനുമതി | LSCD/TS/2020-21/88509/18.02.21 (3 മാസം) |
| എം ബുക്ക് | 91/20-21 |
| ബിൽ | 88/22-തീ 22.03.22- 497471 രൂപ |
| എഗ്രിമെന്റ് നം. | 03/20-21 തീ.27.02.2021 |

19.02.2021 ന് വാർഡ് കൗൺസിലർ ശ്രീനിവാസന്റെ അദ്ധ്യക്ഷതയിൽ വിളിച്ച ചേർത്ത യോഗത്തിൽ ശ്രീ . ഹാരിസ് ചെയർമാനായും ശ്രീ. മുഹമ്മദ് ഫൈസൽ കൺവീനർ ആയും കമ്മിറ്റി രൂപീകരിക്കുകയും കുടിവെള്ള പദ്ധതി ഏറ്റെടുക്കുന്നതിന് തീരുമാനിക്കുകയും, നഗരസഭാ സെക്രട്ടറിയുമായി കരാറിൽ ഏർപ്പെടുന്നതിന് തീരുമാനിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് | പുത്തൻകുളം കോഴിയങ്ങാടി റോഡ് നവീകരണം |
| അടങ്കൽ | 495000 രൂപ |
| നിർവ്വഹണം | സെക്രട്ടറി |
| കൺവീനർ | മുഹമ്മദ് ഫൈസൽ |
| ഭരണാനുമതി | R.D4/305/2021 തീ.16.02.2021 |
| സാങ്കേതിക അനുമതി | LSCD/TS/2020-21/9688/19.02.21 (3 മാസം) |
| എം ബുക്ക് | 77/20-21 |
| ബിൽ | 06/22-തീ 04.08.21- 494783 രൂപ |
| എഗ്രിമെന്റ് നം. | 07/20-21 തീ.26.02.2021 |

17.02.2021 ന് മൂരിപ്പാറ മുഹമ്മദ് കുട്ടിയുടെ വസതിയിൽ വിളിച്ച ചേർത്ത യോഗത്തിൽ ശ്രീ. അബൂബക്കർ.ഇ ചെയർമാനായും ശ്രീ.എ. ഉമ്മർ കൺവീനർ ആയും കമ്മിറ്റി രൂപീകരിക്കുകയും പുത്തൻകുളം കോഴിയങ്ങാടി റോഡ് നവീകരണ പ്രവൃത്തി ഏറ്റെടുക്കുന്നതിന് തീരുമാനിക്കുകയും, നഗരസഭാ സെക്രട്ടറിയുമായി കരാറിൽ ഏർപ്പെടുന്നതിന് തീരുമാനിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രവൃത്തികളുടെ ഫയൽ, മിനുട്സ് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

ഗുണഭോക്തൃ സമിതികളുടെ മിനുട്സിൽ കമ്മിറ്റിയുടെ രൂപീകരണ യോഗം അല്ലാതെ മറ്റൊന്നും രേഖപ്പെടുത്തിയിട്ടില്ല.

ഗുണഭോക്തൃ സമിതി കൺവീനർമാർ നഗരസഭയുമായി ചമച്ച കരാറിലെ ഖണ്ഡിക 3 പ്രകാരം പ്രവൃത്തിക്കായി വാങ്ങുന്ന സാധനങ്ങളുടെ അളവ്, വില, ബില്ലുകൾ, ഉപയോഗിക്കുന്ന യന്ത്ര സാമഗ്രികളുടെ വിവരങ്ങൾ, തൊഴിലാളികളുടെ ഹാജർ ഉൾപ്പെടുന്ന മസ്റ്റർ റോൾ എന്നിവ എഴുതി സൂക്ഷിക്കുന്നതും, കണക്കു പുസ്തകം, ബില്ലുകൾ, മസ്റ്റർ റോൾ എന്നിവ എന്നിവ നഗരസഭ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കുന്നതും പ്രവൃത്തി പൂർത്തീകരിച്ചുകഴിഞ്ഞാൽ ആയവ നഗരസഭയിൽ തിരിച്ചേല്പിക്കുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകൾ ലംഘിക്കുന്നതു മൂലമുണ്ടാകുന്ന

ഏതൊരു ശിക്ഷാ നടപടികൾക്കും വിധേയമാകാൻ സമ്മതമാണെന്നും അറിയിച്ചിട്ടുണ്ട്.

പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞിട്ടും വരവ് -ചെലവ് കണക്ക് അവതരിപ്പിക്കുകയോ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. പ്രവൃത്തികൾക്കായി വാങ്ങിയ സാധനങ്ങളുടെ ക്യാഷ് ബില്ലുകൾ, മസ്റ്റർ റോളുകൾ, മറ്റ് വരവ് -ചെലവ് കണക്കുകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

ഗുണഭോക്തൃസമിതികൾ പ്രവൃത്തികളുടെ നടപടിക്രമങ്ങൾ പാലിക്കാത്തത് 2019 ലെ പൊതുമരാമത്ത് മാന്വലിന്റെയും, നഗരസഭയുമായി ചമച്ച കരാറുകളുടെയും ലംഘനമാണ്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/10.02.2023) ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ മസ്റ്റർ റോളുകൾ, അസൽ ബില്ലുകൾ, വരവ് ചെലവ് കണക്കുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 1424335 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-28 പുതിയ ഓഫീസ് കെട്ടിട നിർമ്മാണം- ഡി.പി.ആർ തയ്യാറാക്കൽ- നികുതികൾ കുറവ് ചെയ്തിട്ടില്ല.

ഫയൽ നം. എ3/12685/17

നഗരസഭയിൽ കിഫ്ബി മുഖാന്തിരം പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പ്ലാനും എസ്റ്റിമേറ്റും (DPR) തയായാറാക്കിയതിന് Synergy Architects And Engineers, Kalamassery (GSTIN 32ABYFS3397KIZA) എന്ന സ്ഥാപനത്തിന് കൺസൾട്ടൻസി ഫീസ് ഇനത്തിൽ 826000 രൂപ നൽകിയിട്ടുണ്ട്.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28 -ാം ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന ജി.എസ്.ടിയിന്മേൽ 2 ശതമാനം ടി.ഡി.എസ് ഈടാക്കേണ്ടതാണ്. ആദായ നികുതി നിയമം സെക്ഷൻ 194 സി പ്രകാരം കരാറുകാരിൽനിന്നും, സേവനദാതാക്കളിൽനിന്നും 2% (വ്യക്തികൾ 1%, സ്ഥാപനങ്ങൾ 2%) ആദായ നികുതി ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിയമാനുസൃത നികുതികൾ കുറവു ചെയ്യാതെയാണ് തുക നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 134/22 നഗരസഭ പുതിയ കെട്ടിടത്തിന് ഡി.പി.ആർ തയ്യാറാക്കൽ |
| അടങ്കൽ | 826000 രൂപ തനതുഫണ്ട് |
| ചെലവ് | 826000 രൂപ |
| നിർവ്വഹണം | സെക്രട്ടറി |
| കൺസൾട്ടൻസി | Synergy Architects And Engineers, Kalamassery |
| വൗച്ചർ നം.തീയതി | 22100362/14.07.21-(ചെക്ക് നം.000855/14.07.21) |
| ഇൻവോയ്സ് നം. | 2/04.11.2020- 826000 (700000 + 126000 GST@ 18% ) |
| ഈടാക്കേണ്ട ആദായ നികുതി @ 2% | 14000 |

| | |
|---|---|
| ഈടാക്കേണ്ട GST@ 2% | 14000 |

നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ മേൽ സ്ഥാപനത്തിൽനിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/13.02.2023) Synergy Architects And Engineers തയ്യാറാക്കിയ DPR കിഫ്ബി അംഗീകാരം നൽകിയതിന് ശേഷം മാത്രമേ സ്ഥാപനത്തിന് അന്തിമ തുക നൽകുകയുള്ളൂ. അന്തിമ ബിൽ നൽകുന്നതിൽനിന്നും നീയമാനുസൃത നികുതികൾ മുഴുവനായും ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* ഫൈനൽ ബിൽ തുക നൽകുന്നതിനു മുൻപ് ബില്ലുകളിൽനിന്നും നികുതികൾ കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

* ആദായ നികുതി, ജി.എസ്.ടി എന്നിവ അടവാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-29 ഓഫീസ് നവീകരണം - പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ചില്ല.

ഫയൽ നം. ഇ1/3104/21

വൗച്ചർ നം. 22100249/09.06.2021 പ്രകാരം ശ്രീ. അബു സൗദ്ഷാഫി (പ്രവാസി അലുമിനിയം ഫാബ്രിക്കേഷൻ കാരക്കാട്) എന്നയാൾക്ക് സെക്രട്ടറി ഓഫീസ്, വൈസ് ചെയർമാൻ ഓഫീസ്, വെയിറ്റിംഗ് ഏരിയ എന്നിവയുടെ സീലിംഗ് പ്രവൃത്തികളും, ഗ്ലാസ് ഡോർ ഫിറ്റിംഗ് എന്നീ പ്രവൃത്തികളും ചെയ്തതിന് 113892 രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കായി 123600 രൂപയുടെ എസ്റ്റിമേറ്റ് മരാമത്ത് വിഭാഗം തയ്യാറാക്കിയിട്ടുണ്ടെങ്കിലും, മെഷർമെന്റ് പുസ്തകത്തിൽ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയതായോ, മൂല്യനിർണ്ണയം നടത്തിയതായോ കാണുന്നില്ല. നിയമാനുസൃത ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് എഞ്ചിനീയറിംഗ് വിഭാഗം ഭരണസമിതി മുൻപാകെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 13.04.2021 ലെ 19ാം നമ്പർ തീരുമാന പ്രകാരം പ്രസ്തുത പ്രവൃത്തി നിയമാനുസൃതം റഗുലറൈസ് ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സ.ഉ (കൈ)നം 22/2017/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19-മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരിപൂർണ്ണമായും മരാമത്ത് വിഭാഗത്തിൽ ഉൾപ്പെടുന്ന പ്രസ്തുത പ്രവൃത്തിയുടെ നടപടിക്രമങ്ങൾ പാലിക്കാത്തത് 2019 ലെ പൊതുമരാമത്ത് മാന്വലിന്റെ ലംഘനമാണ്. പ്രവൃത്തി നിർവ്വഹണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രൊക്യൂർമെന്റ് മാർഗരേഖയിലെയും, പൊതുമരാമത്ത് മാന്വലിലേയും നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തി നിർവ്വഹിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/13.02.2023)മറുപടി ലഭ്യമാക്കിയിട്ടില്ല.മെഷർമെന്റ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 113892 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* മരാമത്ത് പ്രവൃത്തികൾ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നടപ്പിലാക്കേണ്ടതാണ്.

* വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് മാർഗരേഖ പാലിക്കേണ്ടതാണ്.

* മതിയായ രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-30 തനത്ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃർത്തികൾ നിർവ്വഹണം നീണ്ടുപോകുന്നു.

പ്രവർത്തിയുടെ പേര് - പതിയിൽ അംഗൻവാടി മെയ്ന്റനൻസ് വർക്ക്-ഇന്റർ ലോക്കിംഗ്, റൂഫ് വർക്ക് മുതലായവ..

പ്രോജക്റ്റ് നം.200/21,SO214/22 (MGNR)

അടങ്കൽ.2,50,000/-

ബിൽ നം.തീയ്യതി.13/21-22,10-3-2022

തുക.99643/-

ആകെ പ്രവർത്തിമൂല്യം.249,643/-

അളവുപുസ്തകം.66/19-20

എഗ്രിമെന്റ് നം.60/AEP/19-20, Dt.23-11-2019 .01% കുറവ്

മേൽപ്പറഞ്ഞ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ മെയ്ന്റനൻസ് ഫണ്ട് വകമാറ്റി ചെലവഴിച്ചതായി കണ്ടു. ടി പ്രവർത്തിയുടെ പൂർത്തീകരണത്തിനായി 1,50,000/-രൂപ നോൺ റോഡ് മെയ്ന്റനൻസ് ഫണ്ടിനത്തിലും 1,00,000/-രൂപ തനത് ഫണ്ടിലും വകയിരുത്തിയിരുന്നു. 16.3.2020,19.3.2020 എന്നീ തീയ്യതികളിൽ യഥാക്രമം 1,50,000/-രൂപയും 99,643/-രൂപയും 11-4-2020ന് 1,50,000/-രൂപയും ബിൽ തയ്യാറാക്കിയതായി ഫയലിൽ കണ്ടു. എന്നാൽ ടി വിഷയത്തിൽ ഓഡിറ്റ് വിശദീകരണം ആവശ്യപ്പെട്ടതിനുള്ള മറുപടിയിൽ ഓഡിറ്റ് വർഷം ടി തുക ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അടങ്കലിൽ വ്യത്യാസം വരുത്താതെ പദ്ധതി തനത്ഫണ്ട് ഒഴിവാക്കി പദ്ധതി അംഗീകാരം വാങ്ങിയാണ് പദ്ധതി നടപ്പിലാക്കിയത് എന്ന് ബോദ്ധ്യപ്പെട്ടു. തുടർന്നുള്ള പരിശോധനയിൽ തനത്ഫണ്ടുപയോഗിച്ച് നിർവ്വഹിക്കുവാൻ അംഗീകാരം വാങ്ങിയ പ്രോജക്റ്റുകൾ മിക്കവാറും എല്ലാംതന്നെ സ്പിൽഓവറാകുയാണെന്ന് കാണുവാൻ കഴിഞ്ഞു. തനത്ഫണ്ടുപയോഗിച്ച് നിർവ്വഹിക്കുവാൻ കഴിയാത്ത പ്രവ്യർത്തികൾ സ്പിൽഓവറായി നീണ്ടുപോകുന്ന പ്രവണത പരിശോധനാ വിധേയമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മുൻസിപ്പൽ സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് വാടക നൽകിയത്- വീട്ടുവാടക ബത്ത(HRA) കുറവ് ചെയ്യതിട്ടില്ല.

ശ്രീ.അബൂബക്കർ കൊപ്പത്ത് പാറമേൽ, ശ്രീ ശാന്തകുമാർ കാഞ്ഞുള്ളിയിൽ എന്നീ കെട്ടിടയുടമകൾക്ക് , ശ്രീ നാസിം.ഇ .മുൻസിപ്പൽ സെക്രട്ടറിക്ക് അനുവദിച്ച ക്വാർട്ടേഴ്സിന്റെ ( 13.04.2021 ലെ 28 ാം നമ്പർ തീരുമാനം) വാടകയായി താഴെപറയുന്ന വൗച്ചറുകൾ പ്രകാരം നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. തീയതി | തുക | ചെക്ക് നം.തീയതി | റിമാർക്സ് |
|---|---|---|---|
| ശ്രീ.അബൂബക്കർ കൊപ്പത്ത് പാറമേൽ | | | |
| 22100593/17.09.2021 | 72000 | 000956/17.09.21 | 03/21 മുതൽ |

| | | | |
|---|---|---|---|
| | | | 08/21 വരെയുള്ള വാടക @ 12000 പ്രതിമാസം |
| 22100649/04.10.2021 | 12000 | 000979/04.10.21 | 09/2021 വാടക |
| ആകെ | 84000 | | |
| ശ്രീ ശാന്തകുമാർ കാഞ്ഞുള്ളിയിൽ | | | |
| 22100808/27.11.2021 | 16000 | 001054/27.11.21 | 10/21 മുതൽ 11/21 വരെയുള്ള വാടക @ 6000 പ്രതിമാസം |
| 22101148/11.01.2022 | 8000 | 001118/11.01.22 | 12/21 ലെ വാടക |
| 22101246/04.02.2022 | 8000 | 001162/04.02.22 | 01/22 ലെ വാടക |
| 22101377/08.03.2022 | 8000 | 001209/08.03.22 | 02/22 ലെ വാടക |
| ആകെ | 40000 | | |

സ.ഉ(പി) നം.27/2021/ഫിൻ.തീയതി 10.02.2021 പ്രകാരമുള്ള 11-ാം ശമ്പളപരിഷ്കരണ ഉത്തരവിലെ ഖണ്ഡിക 16 പ്രകാരം ക്വാർട്ടേഴ്സുകൾ അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് വീട്ടു വാടക ബത്തയ്ക്ക് അർഹതയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഖണ്ഡിക 15 പ്രകാരം 50200-105300 എന്ന ശമ്പള സ്കെയിലിലോ അതിനു മുകളിലോ ഉള്ളവർ ക്വാർട്ടേഴ്സിൽ താമസിക്കുന്നുണ്ടെങ്കിൽ അടിസ്ഥാന ശമ്പളത്തിന്റെ 2 % തുക റെന്റ് റിക്കവറിയായി ഈടാക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. സെക്രട്ടറി സ്പാർക്ക് മുഖാന്തിരം ശമ്പളം കൈപ്പറ്റുന്ന ജീവനക്കാരനായതിനാൽ മറ്റു റഗുലർ ജീവനക്കാരുടെ എസ്റ്റാബ്ലിഷ് മെന്റ് ബില്ലിൽ ഉൾപ്പെടുന്നില്ല.

ടിയാൻ പട്ടാമ്പി സബ് ട്രഷറി മുഖാന്തിരം കൈപ്പറ്റിയ ശമ്പളത്തിൽ വീട്ടുവാടക ബത്ത ഉൾപ്പെടെയാണ് വാങ്ങിയിട്ടുള്ളത് . സ്പാർക്ക് പേ ബിൽ രജിസ്റ്റർ പ്രകാരം കൈപ്പറ്റിയ ശമ്പളത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പെൻ നം.839926 ശമ്പള സ്കെയിൽ 55200-115300 | | | | |
|---|---|---|---|---|
| മാസം | അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | വീട്ടു വാടക അലവൻസ് | ആകെ |
| 04/21 | 56500 | 3955 | 3390 | 63845 |
| 05/21 | 56500 | 3955 | 3390 | 63845 |
| 06/21 | 56500 | 3955 | 3390 | 63845 |
| 07/21 | 56500 | 3955 | 3390 | 63845 |
| 08/21 | 56500 | 3955 | 3390 | 63845 |
| 09/21 | 56500 | 3955 | 3390 | 63845 |
| 10/21 | 56500 | 3955 | 3390 | 63845 |
| 11/21 | 56500 | 3955 | 3390 | 63845 |
| 12/21 | 56500 | 3955 | 3390 | 63845 |
| 01/22 | 56500 | 3955 | 3390 | 63845 |
| 02/22 | 57900 | 4053 | 3744 | 65697 |
| ആകെ | 622900 | 43603 | 37644 | 704147 |

വീട്ടു വാടക ബത്ത കുറവ് ചെയ്യാതെ ശമ്പളം നൽകിയതിനും ,ശമ്പളത്തിൽനിന്നും 2 %(622900x2%=12458 രൂപ) തുക റെന്റ് റിക്കവറിയായി ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/09.02.2023) തുക സർക്കാറിലേക്ക് തിരിച്ചടച്ച് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. തുക തിരികെ അടവാക്കുന്നതുവരെ 50102 രൂപ ( 37644 + 12458) സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

## 3-2 അങ്കണവാടി കുട്ടികൾക്കുള്ള കളി ഉപകരണങ്ങൾ വാങ്ങൽ -കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാത്തതിനാൽ 27930/- രൂപ നഷ്ടം

അങ്കണവാടി കുട്ടികൾക്കുള്ള കളി ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 21 അങ്കണവാടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| | |
|---|---|
| പ്രൊജക്റ്റ് നം | 148 / 2021-22 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 150000/- |
| ബിൽ നം | 10/2021-22<br>തീയതി .30.03.2022 |
| തുക | 97356/- |

16.02.2022 തീയതിയിലെ എ-3/5449/21 നമ്പർ ടെണ്ടർ പ്രകാരം അങ്കണവാടികൾക്ക് ആവശ്യമായ കളി ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ താഴെ ചേർക്കുന്നു.

| ഇനം | എണ്ണം |
|---|---|
| പ്ലാസ്റ്റിക് ചിൽഡ്രൻ ചെയർ | 84 എണ്ണം |
| പ്ലാസ്റ്റിക് ഹോഴ്സ് റോക്കർ | 21 എണ്ണം |
| ബാസ്കറ്റ് ബാൾ അഡ്ജസ്റ്റബിൾ ബാൾ സെറ്റ് | 21 എണ്ണം |
| ബിൽഡിംഗ് ബ്ലോക്ക് ഫോർ കിഡ്സ് | 21 പാക്കറ്റ് |

ലഭിച്ച ടെണ്ടറുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനം | ഇനം | രേഖപ്പെടുത്തിയ നിരക്ക് |
|---|---|---|---|
| 1 | സഫാരി ട്രേഡിംഗ് കമ്പനി,മലപ്പുറം | പ്ലാസ്റ്റിക് ചിൽഡ്രൻ ചെയർ<br>പ്ലാസ്റ്റിക് ഹോഴ്സ് റോക്കർ<br>ബാസ്കറ്റ് ബാൾ അഡ്ജസ്റ്റബിൾ ബാൾ സെറ്റ് | 319<br>1595<br>1700<br>215 |

| | | | |
|---|---|---|---|
| | | ബിൽഡിംഗ് ബ്ലോക്ക് ഫോർ കിഡ്സ് | |
| 2 | കെ.എൻ.ഇന്ത്യ ട്രേഡിംഗ് കമ്പനി,മലപ്പുറം | പ്ലാസ്റ്റിക് ചിൽഡ്രൻ ചെയർ<br>പ്ലാസ്റ്റിക് ഹോഴ്സ് റോക്കർ<br>ബാസ്കറ്റ് ബാൾ അഡ്ജസ്റ്റബിൾ ബാൾ സെറ്റ്<br>ബിൽഡിംഗ് ബ്ലോക്ക് ഫോർ കിഡ്സ് | 445<br>1925<br>2150<br>440 |
| 3 | കെ.പി.എം Enterprises, ചെർപ്പുളശ്ശേരി | പ്ലാസ്റ്റിക് ചിൽഡ്രൻ ചെയർ<br>പ്ലാസ്റ്റിക് ഹോഴ്സ് റോക്കർ<br>ബാസ്കറ്റ് ബാൾ അഡ്ജസ്റ്റബിൾ ബാൾ സെറ്റ്<br>ബിൽഡിംഗ് ബ്ലോക്ക് ഫോർ കിഡ്സ് | 239<br>1890<br>540<br>540 |
| 4 | ജെ.എസ്.ഗിഫ്റ്റ്സ്&ടോയ്സ് പാലക്കാട് | പ്ലാസ്റ്റിക് ചിൽഡ്രൻ ചെയർ<br>പ്ലാസ്റ്റിക് ഹോഴ്സ് റോക്കർ<br>ബാസ്കറ്റ് ബാൾ അഡ്ജസ്റ്റബിൾ ബാൾ സെറ്റ്<br>ബിൽഡിംഗ് ബ്ലോക്ക് ഫോർ കിഡ്സ് | 245<br>1740<br>1480<br>460 |

ടെണ്ടർ സമർപ്പിച്ച എല്ലാ സ്ഥാപനങ്ങളും ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമാണ് നിരക്ക് കാണിച്ചിരിക്കുന്നത്,ടെണ്ടറിൽ സാമ്പിൾ ഹാജരാക്കുന്നതിനോ, ISI ഗുണമേന്മയോ നിർദ്ദേശിച്ചിരുന്നില്ല, ജെ.എസ്.ഗിഫ്റ്റ്സ് &ടോയ്സ് പാലക്കാട്, കെ.പി.എം Enterprises, ചെർപ്പുളശ്ശേരി എന്നീ സ്ഥാപനങ്ങളിൽ നിന്നും കളി ഉപകരണങ്ങൾ വാങ്ങുന്നതിനാണ് 10.03.2022 -ലെ പ്രൊക്യൂർമെന്റ്

കമ്മറ്റി ശുപാർശ ചെയ്തത്.(ഭരണ സമിതി മിനുട്സ് പേജ് 21, തീരുമാനം നം 5തീ.10.03.2022) മറ്റു സ്ഥാപനങ്ങളുടെ ടെണ്ടർ നിരസിച്ചതായി ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടില്ല.

ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ ഒഴിവാക്കിയതുമൂലം കളി ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ 27,930/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ഇനം | കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനം | കുറഞ്ഞ നിരക്ക് | അംഗീകരിച്ച നിരക്ക് | ആകെ നഷ്ടം |
|---|---|---|---|---|
| പ്ലാസ്റ്റിക് ഹോഴ്സ് റോക്കർ | സഫാരി ട്രേഡിംഗ് കമ്പനി,മലപ്പുറം | 1595 | 1740 | 145x21എണ്ണം=3045 |
| ബാസ്കറ്റ് ബാൾ അഡ്ജസ്റ്റബിൾ ബാൾ സെറ്റ് | കെ.പി.എം Enterprises, ചെർപ്പുളശ്ശേരി | 540 | 1480 | 940x21എണ്ണം=19740 |
| ബിൽഡിംഗ് ബ്ലോക്ക് ഫോർ കിഡ്സ് | സഫാരി ട്രേഡിംഗ് കമ്പനി,മലപ്പുറം | 215 | 460 | 245x21എണ്ണം=5145 |
| | | ആകെ | | 27930 (3045+19740+5145) |

കെ.പി.എം Enterprises, ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും പ്ലാസ്റ്റിക് ചിൽഡ്രൻ ചെയർ വാങ്ങിച്ചത് മാത്രം ക്രമപ്രകാരമാണ്. മറ്റ് കളി ഉപകരണങ്ങളെല്ലാം കുറഞ്ഞ ടെണ്ടർ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനങ്ങളെയെല്ലാം ഒഴിവാക്കി ജെ.എസ്.ഗിഫ്റ്റ്സ് &ടോയ്സ് പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നുമാണ് പർച്ചേയ്സ് നടത്തിയിരിക്കുന്നത്. ആയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകോണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 04/06.02.2023) ഭാവിയിൽ ശ്രദ്ധിക്കാം എന്ന മറുപടിയാണ് ഐ.സി.ഡി.എസ് സൂപ്പർ വൈസർ ലഭ്യമാക്കിയത്. അതിനാൽ 27930/- രൂപ ഉത്തരവാദിയായ ഐ.സി.ഡി.എസ് സൂപ്പർ വൈസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 02.02.2023 മുതൽ 15.02.2023 വരെ | അനുബന്ധമായി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

തൻവർഷത്തിൽ സംയുക്ത പ്രൊജക്ടുകൾക്ക് തുക ലഭിച്ചിട്ടില്ല

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| PMAY-KURDFC വായ്പ | TRO/PRG /69/2016/173 Dt.08.05.2017 | 84400000+ തൻവർഷ വായ്പ 2800000 = 87200000 | 65173333 | 2906667 | - | 65066666 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 1000000 |
| ആകെ | 1000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | പട്ടാമ്പി സർവീസ് സഹകരണ ബാങ്ക് , FDR No. 102120010426846 /31.03.2022 (@ 7% പലിശ നിരക്ക് ) | 31.03.2022 | 12 മാസം | 1000000 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| KSA PKD 6-72/2021 /23.02.21 | - | 689 | 121030104897/01.09.21 | ഉണ്ണികൃഷ്ണൻ സി.കെ |
| 2020-21 | 1-11-1 | 400 | 121030118180/24.03.22 | സുരേഷ് പള്ളിക്കാട്ടിൽ കോൺട്രാക്ടർ |
| 2019-20 | 1-18 | 400 | 121030118207/24.03.22 | ഷംസുദ്ദീൻ മാരായമംഗലം കോൺട്രാക്ടർ |
| 2019-20 | 1-18 | 400 | 121030118297/25.03.22 | സുധീർ പടിഞ്ഞാറേ പീടികയിൽ |
| 2019-20 | 1-18 | 200 | 121030118326/25.03.22 | ബാലകൃഷ്ണൻ കല്പത്തിങ്കൽ |
| 2019-20 | 1-18 | 400 | 121030118327/25.03.22 | റഹീമ കണിയാറാട്ടിൽ |
| 2019-20 | 1-18 | 400 | 121030118328/25.03.22 | ശാന്ത സായി ശ്രീ |
| | ആകെ | 2689 | | |
| 2019-20<br>2020-21 | 1-22-5<br>1-11-1 | 1000 * | 121030114823/25.02.22 | മുഹമ്മദ് അമീൻ പൂവത്തിങ്കൽ |

Other Inome എന്ന ശീർഷകത്തിൽ ഓഡിറ്റ് റിക്കവറി തുക വരവ് വെക്കുന്നതിന് പകരം Other Liabilities ( RP-29 )എന്ന ശീർഷകത്തിലാണ് Receipt And Payment Statement ൽ ചേർത്തിരിക്കുന്നത് . കൂടാതെ RP- 11-Administrative Expenses എന്ന ശീർഷകത്തിൽ 220500100 എന്ന ഹെഡിൽ Audit Fees ഇനത്തിൽ 10400 രൂപയിലെ വരവിൽ 1000 രൂപ ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള വരവാണ്. ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള വരവ് Receipt And Payment Statement ൽ Other Inome എന്ന ശീർഷകത്തിൽ Audit Recovery എന്ന് രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2017-18 ഖ.3.16 | 2019-20 ഖ.3.1.1 | റെയിൽവെ ഫുട് ഓവർബ്രിഡ്ജ് നിർമ്മാണം- നടപടിക്രമങ്ങൾ പാലിക്കാതെ തുക അനുവദിച്ചതിനാൽ 425415 രൂപയുടെ നഷ്ടം | അന്തിമ തീരുമാനം ലഭ്യമായിട്ടില്ല |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | 201566412.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 169051189.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 78032/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1538227/- |
| ഭാഗം 1 പ്രകാരമുള്ള നഷ്ടം | 13,192/- |

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 50102/- | നാസിം.ഇ, സെക്രട്ടറി |
| 3-2 | -- | 27930/- | റീന.പി ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| | ആകെ | 78032/- | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 13,192/- | നാസിം.ഇ, സെക്രട്ടറി |
| ആകെ | 13,192/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 1424335/- | നാസിം.ഇ, സെക്രട്ടറി |
| 1-29 | 113892/- | നാസിം.ഇ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഇനം | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | | | | |
| 1-16 | 9324/- | ജി.എസ്സ്.റ്റി | കേന്ദ്ര സർക്കാർ | റീന.പി ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| | 9324/- | ജി.എസ്സ്.റ്റി | സംസ്ഥാന സർക്കാർ | |
| ആകെ | 18648/- | | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റീന.പി ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ് ഓഫീസ് മിനി സിവിൽ സ്റ്റേഷൻ പട്ടാമ്പി | ദക്ഷിണ മൂർത്തി നഗർ പാലപ്പുറം Ottapalam |
| നാസിം, സെക്രട്ടറി | നാസിം.ഇ, മുൻസിപ്പൽ സെക്രട്ടറി, മരട് മുൻസിപ്പാലിറ്റി, എറണാകുളം ജില്ല. | നിലാവ്, അക്കരവിള, ചെന്നമംഗലം (പി.ഒ) തിരുവനന്തപുരം ജില്ല-695587 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി8-2001/01 /11-6-2001 | 12 |
| 1997-98 | എൽ.എഫ്.പി18-2007/01 / 4-5-2001 | 16 |
| 1998-99 | എൽ.എഫ്.പി8-344/06 / 26-6-2006 | 16 |
| 1999-2000 | എൽ.എഫ്.പി13-604/03 / 31-12-2005 | 9 |
| 2000-01 | എൽ.എഫ്.പി13-577/10 / 22-10-2010 | 18 |
| 2001-02 | എൽ.എഫ്.പി13-603/05 / 16-09-2006 | 9 |
| 2002-03 | എൽ.എഫ്.പി13-110/12/ 8-02-2012 | 10 |
| 2003-04 | എൽ.എഫ്.പി13-1689/07/ 16-03-2012 | 8 |
| 2004-05 | എൽ.എഫ്.പി13-1689/07/ 16-03-2012 | 9 |
| 2005-06 | എൽ.എഫ്.പി13-1415(1)/12/ 3-10-2012 | 10 |
| 2006-07 | എൽ.എഫ്.പി13-1415(21)/12/ 3-10-2012 | 4 |
| 2007-08 | എൽ.എഫ്.പി13-1415(3)/12/ 3-10-2012 | 11 |
| 2008-09, 2009-10 & 2010-11 | എൽ.എഫ്.പി13-102/15/ 8-4-15 | 11 |
| 2011-12 | എൽ.എഫ്.പി13-1809/13 /18-3-2014 | 4 |
| 2012-13 | എൽ.എഫ്.പി13-874/15/ 31-6-15 | 10 |
| 2013-14& 2014-15 | എൽ.എഫ്.പി18-1879/15/ 7-4-2016 | 27 |
| 2015 നവംബറിൽ നഗരസഭ നിലവിൽ വന്നതിന് ശേഷമുള്ള ഓഡിറ്റ് റിപ്പോർട്ടികൾ ചുവടെ ചേർക്കുന്നു | | |
| 2015-16 | കെ.എസ്.എ പി.കെ.ഡി | 15 |

| | | |
|---|---|---|
| | 22/166/17/14.02.17 | |
| 2016-17 | കെ.എസ്.എ പി.കെ.ഡി 22/2011/ 17/20.11.17 | 32 |
| 2017-18 | കെ.എസ്.എ പി.കെ.ഡി 22/2011/ 17/20.11.17 | 39 |
| 2018-19 | കെ.എസ്.എ പി.കെ.ഡി-22/592/2020/12-05-2020 | 31 |
| 2019-20 | കെ.എസ്.എ പി.കെ.ഡി-22/622/2022/11-04-2022 | 21 |
| 2020-21 | കെ.എസ്.എ പി.കെ.ഡി-22/1110/2022/18-06-2022 | 38 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വാർഷിക കണക്കുകൾ സംക്ഷിപ്തം

Pattambi Municipality

INCOME & EXPENDITURE STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 28621270.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 144957.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 7079189.00 |
| 140000000 | Fee & User Charges | I-4(b) | 15018026.00 |
| 150000000 | Sale & Hire Charges | I-5(b) | 700298.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 134681045.00 |
| 170000000 | Income from Investments | I-7 | -36830.00 |
| 171000000 | Interest Earned | I-8 | 491050.00 |
| 180000000 | Other Income | I-9 | 31500.00 |
| | Total Income | | 186730505.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 31054078.00 |
| 220000000 | Administrative Expenses | I-11(b) | 5600181.00 |
| 230000000 | Operations & Maintenance | I-12(b) | 30298886.00 |
| 240000000 | Interest & Finance Charges | I-13 | 1500.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 98153658.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 13436901.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 12013949.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 3073902.00 |
| 272000000 | Depreciation | I-17(a) | 12064681.00 |
| | Total Expenditure | | 205697736.00 |
| | Gross Surplus / Deficit of income over Expenditure | | -18967231.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 1757284.00 |
| | Net difference (Prior period Income - Prior period Expenditure) | | -20724515.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

സീനീയർ ഡെപ്യൂട്ടി ഡയറക്ടർ

| RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 26787012.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 4890280.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 144957.00 |
| 130000000 | Rental income from Panchayat Properties | RP-3 | 192150.00 |
| 140000000 | Fees & User Charges | RP-4 | 7373866.00 |
| 150000000 | Sale & Hire Charges | RP-5 | 700298.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 53760144.00 |
| 170000000 | Income from Investments | RP-7 | 0.0 |
| 171000000 | Interest Earned | RP-8 | 638765.00 |

| | | | |
|---|---|---|---|
| 180000000 | Other Income | RP-9 | 31500.00 |
| 310000000 | Panchayat Fund | RP-21 | 271864.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 50678134.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-22 | 17117533.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 28426212.00 |
| 330000000 | Secured Loans | RP-25 | 2800000.00 |
| 340000000 | Deposits Received | RP-27 | 829412.00 |
| 350000000 | Other Liabilities | RP-29 | 6909530.00 |
| 410000000 | Fixed Assets | RP-31 | 0.0 |
| 460000000 | Loans, Advances and Deposits | RP-41 | 14755.00 |
| | Grand total | | 201566412.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-10 | 9855634.00 |
| 220000000 | Administrative Expenses | RP-11 | 2317876.00 |
| 230000000 | Operations & Maintenance | RP-12 | 28457422.00 |
| 240000000 | Interest & Finance Charges | RP-13 | 1500.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 40825664.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 16121530.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 11046506.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 3073902.00 |
| 350000000 | Other Liabilities | RP-29 | 9210673.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 12487237.00 |
| | Non Operating | | |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-19 | 163329.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 415325.00 |
| 340000000 | Deposits Received | RP-27 | 1248303.00 |
| 350000000 | Other Liabilities | RP-29 | 25854039.00 |

| | | | |
|---|---|---|---|
| 410000000 | Fixed Assets | RP-31 | 7347193.00 |
| 412000000 | Capital work in Progress | RP-33 | 430846.00 |
| 460000000 | Loans, Advances and Deposits | RP-41 | 194210.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 32225645.00 |
| Cash | Cash | RP-40(b) | 289578.00 |
| | Grand Total | | 201566412.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

| BALANCE SHEET | | | |
|---|---|---|---|
| As on 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 31698877.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 726374.00 |
| 312000000 | Reserves | B-3 | 67983383.00 |
| | Total Reserve & Surplus | | 100408634.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 26533387.00 |
| | Total Grants, Contributions for Specific Purposes | | 26533387.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 65072866.00 |
| | Total Loans | | 65072866.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 16530800.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 12959982.00 |
| | Total Current Liabilities and Provisions | | 29490782.00 |
| | TOTAL LIABILITIES | | 221505669.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 105161381.00 |
| 411000000 | Accumulated Depreciation | B-11 | -29121055.00 |

| | | | |
|---|---|---|---|
| 412000000 | Capital Work in Progress | B-11 | 480846.00 |
| | Total Fixed Assets | | 76521172.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 64100.00 |
| 431000000 | Sundry Debtors (Receivables) | B-15 | 46501352.00 |
| 440000000 | Pre-paid Expenses | B-16 | 65173333.00 |
| 450000000 | Cash and Bank Balance | B-17 | 32515223.00 |
| 460000000 | Loans, Advances and Deposits | B-18 | 730489.00 |
| Total Current Assets, Loans and Advances | | | 144984497.00 |
| Other Assets | | | |
| Miscellaneous Expenditure (To the Extent not written off) | | | |
| TOTAL ASSETS | | | 221505669.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ